**അടിയന്തരപ്രമേയം**

കാലവർഷക്കെടുതിയോടനുബന്ധിച്ചുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഇന്ന് ലഭിച്ച നോട്ടീസ് സംസ്ഥാനത്തെ കാലവർഷക്കെടുതി സംബന്ധിച്ചാണ്. ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സി. കെ. ശശീന്ദ്രൻ നോട്ടീസ് നൽകിയ ശ്രദ്ധക്ഷണിക്കൽ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ടം 304 അനുസരിച്ച് സബ്മിഷൻ ഉന്നയിക്കാനും ഏതാനും അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടം 50 അനുസരിച്ചുള്ള നോട്ടീസിന് അനുമതി നൽകുകയാണ്. സബ്മിഷന് നോട്ടീസ് നൽകിയ സർവ്വശ്രീ കെ. സി. ജോസഫ്, ജോർജ് എം. തോമസ്, സണ്ണി ജോസഫ് എന്നീ അംഗങ്ങൾക്ക് ശ്രദ്ധക്ഷണിക്കൽ വേളയിൽ ഈ വിഷയം ഉന്നയിക്കാവുന്നതാണ്.

സംസ്ഥാനത്ത് ഉരുൾപൊട്ടലിലും കടൽക്ഷോഭത്തിലുംപെട്ട് 14-ഓളം പേർ മരിക്കുകയും വീടുകൾക്കും വസ്തുവകകൾക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുകയും മലയോര/കടലോര റോഡുകൾ യാത്രായോഗ്യമല്ലാതാകുകയും ചെയ്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനും ദുരന്ത നിവാരണ

പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി, പ്രത്യേകിച്ച് ജൂൺ മാസം 10-ാം തീയതിയെ തുടർന്നുള്ള ദിവസങ്ങളിൽ ശക്തിയായ മഴയും അതിനെത്തുടർന്ന് വലിയ നാശനഷ്ടങ്ങളും സംഭവിച്ചിട്ടുള്ളതാണ്. വളരെ നേരത്തെ തന്നെ ഇത്തരമൊരു സാഹചര്യത്തെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകിച്ച്, സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ യോഗം വിളിച്ചു ചേർക്കുകയും ചർച്ച ചെയ്യുകയും ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതി നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് 16-05-2018-നാണ് ജില്ലാ കളക്ടർമാർ ഉൾപ്പെടുന്ന വിപുലമായ മഴക്കാല തയ്യാറെടുപ്പ് യോഗം ചേർന്നത്. എല്ലാ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ക്യാമ്പുകൾ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ

നടത്തുന്നതിനുമെല്ലാം ആവശ്യമായ നിർദ്ദേശം 16-05-2018-നുതന്നെ നൽകിയിരുന്നു. ഇതിൽ സ്വീകരിക്കേണ്ട നടപടികൾ അടങ്ങിയ 45 ഇന വിശദമായ സർക്കുലർ അന്നുതന്നെ പുറപ്പെടുവിക്കുകയും ചെയ്തു. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ജൂൺ മാസം 11 മുതൽ 15 വരെ ശക്തമായോ അതിശക്തമായോ മഴ പെയ്യാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പൊതുജന താൽപര്യാർത്ഥം ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയുടെ സാധ്യത മുന്നിൽക്കണ്ട് സ്വീകരിക്കേണ്ട പത്ത് നിർദ്ദേശങ്ങൾ ജൂൺ 11-ാം തീയതി എല്ലാ ജില്ലാ കളക്ടർമാർക്കും കൈമാറുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ വിവിധ മാധ്യമങ്ങൾക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കൊപ്പം മഴയുടെ തീവ്രത ചൂണ്ടിക്കാണിക്കുന്ന പ്രാദേശിക പ്രവചന ഭൂപടവും നൽകിയിരുന്നു. കാലവർഷക്കെടുതി കൂടുതലായി ഉണ്ടാകാൻ സാധ്യതയുള്ള കോഴിക്കോട്, വയനാട്, ഇടുക്കി ജില്ലകളിലും തീരപ്രദേശത്തും പ്രത്യേക ജാഗ്രത പുലർത്തണമെന്നും ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും നിർദ്ദേശങ്ങളിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഈ അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂൺ

11-ാം തീയതി ദുരന്ത നിവാരണ അതോറിറ്റി യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. 12-ാം തീയതി കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ വലിയ തോതിൽ വെള്ളം കടന്നുകയറിയ സാഹചര്യമുണ്ടായി. കർണ്ണാടക വനത്തിലാണ് ഉരുൾപൊട്ടലുണ്ടായതെങ്കിലും അതിനെത്തുടർന്ന് മരങ്ങളും മണ്ണുമെല്ലാം ഇളകിവരികയും വലിയതോതിലുള്ള വെള്ളപ്പൊക്കമുണ്ടാകുകയും ഗതാഗത തടസ്സമുണ്ടാകുകയും രണ്ട് ആളുകൾക്ക് ജീവഹാനിയുണ്ടാകുകയും ചെയ്തു. അവിടെ വലിയ തോതിലുള്ള രക്ഷാ പ്രവർത്തനത്തിന് ആളുകളിറങ്ങുകയും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആ ക്യാമ്പിന്റെ പ്രവർത്തനങ്ങൾ തുടരുകയുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, റവന്യൂ, ഫയർഫോഴ്സ് ഉൾപ്പെടെ എല്ലാവരുടെയും ഏകോപനത്തോടുകൂടിയ പ്രവർത്തനം നടക്കുകയും ചെയ്തു. 11-ാം തീയതിക്കുശേഷമുള്ള സംഭവങ്ങളിൽ കോഴിക്കോട്ടാണ് ഏറ്റവും വലിയ ദുരന്തം സംഭവിച്ചതായി കാണാൻ കഴിയുന്നത്. 14-ാം തീയതി രാവിലെ 5.00 മണിയോടുകൂടി കോഴിക്കോട് കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോല എന്ന പ്രദേശത്താണ് വലിയതോതിലുള്ള ഉരുൾപൊട്ടലുണ്ടായത്. അതിനെത്തുടർന്ന് കരിഞ്ചോല

മലയുടെ കീഴ്ഭാഗത്തുള്ള നാല് വീടുകളിലെ 14 പേരെയാണ് കാണാതായിരിക്കുന്നത്. രക്ഷാപ്രവർത്തനങ്ങളും മറ്റ് പരിശോധനകളും നടത്തിയതിനെത്തുടർന്ന് 13 പേരുടെ ജഡങ്ങൾ കണ്ടെത്തുകയും ഇപ്പോഴും ഒരാളുടെ ജഡം കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയുമാണ്. ആ പ്രദേശത്ത് വീടുകളോ ആളുകളോ ഉണ്ടായിരുന്നെന്നുപോലും തോന്നാത്ത വിധത്തിൽ ഇരുവശത്തും തെങ്ങുകൾ ഉൾപ്പെടെയുള്ളവ മറിഞ്ഞ് ഒന്നും ബാക്കിയാക്കാത്ത വിധമായിരിക്കുന്നു. സമീപകാലത്തൊന്നും കണ്ടിട്ടില്ലാത്ത വലിയൊരു ദുരന്തമാണ് അവിടെ സംഭവിച്ചിരിക്കുന്നത്. ഈ സംഭവം 14-ാം തീയതി രാവിലെ 5.00 മണിക്കാണെന്ന് പറഞ്ഞു, ഏതാണ്ട് ഒമ്പത് മണിക്കും ഒമ്പതര മണിക്കുമിടയിൽ റവന്യൂ വകുപ്പുമന്ത്രിയും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും കോഴിക്കോട് കളക്ടറേറ്റിൽ എത്തുകയും ജില്ലാ ദുരന്ത നിവാരണ സമിതിയുടെ യോഗം അടിയന്തരമായി ചേരുകയും ആവശ്യമായ അടിയന്തര പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരിക്കുകയാണ്. അതിന് മുമ്പുതന്നെ പോലീസും ഫയർഫോഴ്സും രക്ഷാ പ്രവർത്തകരും എത്തി. വലിയ തോതിലുള്ള ജനകീയ ഇടപെടലുകളാണ് ഇതിൽ ഏറ്റവും എടുത്ത് പറയേണ്ട പ്രധാനപ്പെട്ട വിഷയം.

ഈ ദുരന്തം സംഭവിച്ച ഉടനെ നാടാകെ ഉണർന്നു പ്രവർത്തിക്കുകയും ആളുകൾ രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. അവരെ സഹായിക്കുന്നതിനുവേണ്ടി എല്ലാവിധ സർക്കാർ സംവിധാനങ്ങളും ഉപയോഗിക്കുകയും രക്ഷാപ്രവർത്തനങ്ങൾ രാവിലെ തന്നെ ആരംഭിക്കുകയും ചെയ്തു. വിശദമായ ആലോചനകൾക്കും ചർച്ചകൾക്കും ശേഷം ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും അവിടെ പോകുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുമാണുണ്ടായത്. ഇരിട്ടിയിൽ 12-ാം തീയതിയുണ്ടായ സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് വിളിച്ചുപറഞ്ഞിരുന്നു. അതിന്റെയടിസ്ഥാനത്തിൽ അവിടെ പോകാൻ തീരുമാനിക്കുകയും 14-ാം തീയതി ഉച്ചയ്ക്കുശേഷം ഞാൻ അവിടെ എത്തിച്ചേരുകയും ചെയ്തു. അവിടത്തെ ക്യാമ്പിലെ ആളുകളുടെ കാര്യങ്ങൾ അന്വേഷിക്കുകയും അവർക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടാകാത്ത വിധം എല്ലാ തരത്തിലുമുള്ള ഒരുക്കങ്ങളും, ഭക്ഷണത്തിനും വസ്ത്രത്തിനും ചികിത്സയ്ക്കുമുള്ള സംവിധാനങ്ങളും അവിടെയുണ്ടെന്ന് ബോധ്യപ്പെട്ടതാണ്. ആ പരിശോധനകൾക്ക് ശേഷമാണ് ഞാൻ അവിടെ നിന്നും തിരിച്ചുപോന്നത്. 14-ാം തീയതി രാവിലെ 10.26-ന് ദുരന്ത നിവാരണ അതോറിറ്റിക്ക് അവരുടെ

ടീമിനെ അയയ്ക്കണമെന്ന് കത്ത് നൽകുകയും എൻ.ഡി.ആർ.എഫ്.-നവേണ്ടി രാവിലെ തന്നെ ആവശ്യമുന്നയിക്കുകയും ചെയ്തു. എൻ.ഡി.ആർ.എഫ്. തൃശ്ശൂരിൽ നിന്നും രാവിലെ പുറപ്പെട്ടെങ്കിലും ഗതാഗത തടസ്സവും വലിയ തോതിലുള്ള മഴയുമൊക്കെ കാരണം അവർ ഉച്ചയ്ക്കുശേഷമാണ് എത്തിച്ചേർന്നത്. അവർ എത്തുന്നതിന് മുമ്പുതന്നെ എല്ലാവിധ രക്ഷാപ്രവർത്തനങ്ങളും അവിടെ നടക്കുന്നുണ്ടായിരുന്നു. അവർ എത്തിച്ചേർന്നശേഷം രക്ഷാപ്രവർത്തനത്തിന്റെ നേതൃത്വപരമായ പങ്കുവഹിക്കാൻ അവർക്ക് കഴിഞ്ഞു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ദുരന്തനിവാരണ സേന രാവിലെ അവിടെനിന്ന് തിരിച്ചുവെന്ന് പറഞ്ഞു. വെളുപ്പിന് 3.00 മണിക്ക് ഈ സംഭവം ഉണ്ടായിട്ട് പിറ്റേദിവസം വൈകുന്നേരം 5.00 മണിക്കാണ് ദുരന്തനിവാരണ സേന എത്തിയത്. എന്ത് ദുരന്ത നിവാരണമാണിത്? അതിനെപ്പറ്റി എന്തുകൊണ്ടാണ് അങ്ങ് പറയാത്തത്? ഈ ദുരന്ത നിവാരണ സേന വന്നത് പിറ്റേദിവസം വൈകുന്നേരം 5.00 മണിക്കാണ്. അതിനു മുമ്പുതന്നെ നാട്ടുകാർ ദുരിതാശ്വാസ പ്രവർത്തനം തുടങ്ങി. എന്തിനാണ് ഈ ദുരന്ത നിവാരണ സേന?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, എൻ.ഡി.ആർ.എഫ്. (National Disaster Response Force)-ന്റെ കേന്ദ്രമുള്ളത് തൃശ്ശൂരാണ്. അവിടേയ്ക്ക് വിവരം നൽകിയത് രാവിലെയാണ്. വിവരമറിഞ്ഞ് ഏതാനും മണിക്കൂറുകൾക്കകം തന്നെ അവർ പുറപ്പെട്ടതായ സന്ദേശമാണ് കോഴിക്കോട് കളക്ടറേറ്റിൽ ലഭിച്ചത്, ഞങ്ങൾ എല്ലാവരും അപ്പോൾ കളക്ടറേറ്റിൽ ഉണ്ടായിരുന്നു. കനത്ത മഴയെത്തുടർന്നുള്ള ഗതാഗത തടസ്സംമൂലം ഈ ദുരന്ത നിവാരണ ടീമിന് അവിടെ എത്തിച്ചേരാൻ അല്പം സാവകാശമുണ്ടായി എന്നത് വസ്തുതയാണ്. എന്നാൽ എൻ.ഡി.ആർ.എഫ്. എന്തിനാണെന്ന് ചോദിക്കുന്നതിൽ കാര്യമില്ല. അവരുടെ സേവനം വളരെ വിലപ്പെട്ടതാണ്, വലിയ പ്രവർത്തനമാണ് അവിടെ അവർ കാഴ്ചവച്ചത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എയർ ഫോഴ്സ് ഉപയോഗപ്പെടുത്താമായിരുന്നില്ലേ? വായുമാർഗ്ഗത്തിൽ എത്താമായിരുന്നല്ലോ.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സാധാരണ രീതിയിൽ എൻ.ഡി.ആർ.എഫ്.-ന് തൃശ്ശൂരിൽ നിന്നും ആളുകളെ അവിടെ എത്തിക്കുന്നതിന് എളുപ്പം റോഡ് മാർഗ്ഗം ആണെന്നതിനാലാണ് അങ്ങനെ പുറപ്പെട്ടത്, ഇതിൽ മറ്റൊരു കാര്യവുമില്ല. ദുരന്ത നിവാരണത്തിനായി എല്ലാ

ഒരുക്കങ്ങളും നടത്തിയിട്ടുണ്ട്. ആദ്യത്തെ ടീം 14-06-2018-ന് 3.00 മണിക്ക് തന്നെ അവിടെ എത്തിയെന്നാണ് വിവരം. അതിന് മുമ്പുതന്നെ രക്ഷാപ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അവിടെ താമസിച്ചിരുന്നവരുടെ വസ്തുവകകൾ പൂർണ്ണമായും കാണാത്ത വിധത്തിലുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചത്. ജൂൺ 14-ന് 1.00 മണിക്ക് മഴയുടെ പ്രവചനം പരിഗണിച്ച് കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിക്കുകയുണ്ടായി. ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരുന്നു. ഇതോടനുബന്ധിച്ച് മഴക്കെടുതി കാരണം ദുരന്തമുണ്ടാകാൻ സാദ്ധ്യതയുള്ള കെട്ടിടങ്ങൾ ഏറ്റെടുക്കാനും പ്രവർത്തിപ്പിക്കാനുമുള്ള വ്യക്തമായ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഡാമുകളുടെ ഷട്ടറുകൾ രാത്രി സമയത്ത് പെട്ടെന്ന് തുറക്കരുത് എന്ന് തീരുമാനിക്കുകയും ചെയ്തു. ഇത്തരം അടിയന്തര ഘട്ടങ്ങളിൽ ഒരു സർക്കാർ ചെയ്യേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചത്. സംസ്ഥാന ദുരന്ത നിവാരണ

അതോറിറ്റിയുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും ജൂൺ 15-ന് വിളിച്ചു ചേർത്തിരുന്നു. കാസർഗോഡ് കളക്ടറേറ്റിൽ വീഡിയോ കോൺഫറൻസിംഗിലൂടെ സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാനത്തിന്റെ പൊതുവായ കാര്യങ്ങളെ സംബന്ധിച്ചും പരിശോധിക്കുന്നതിന് തയ്യാറായി. അതിന്റെ അടിസ്ഥാനത്തിൽ കാലവർഷക്കെടുതിയിൽപ്പെട്ടവർക്കുള്ള അടിയന്തര ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകി വരുന്ന ധനസഹായത്തിന് പുറമേ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ഇപ്പോൾ നൽകുന്നതിനെക്കാൾ ഭേദപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് ആലോചിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് നൽകുന്ന നഷ്ടപരിഹാരം ഇത്തരം നാശനഷ്ടം സംഭവിച്ചവർക്ക് ഫലപ്രദമാകില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ഇപ്പോൾ നൽകി വരുന്ന തുക അടിയന്തരമായി വീടുകൾ പുനർ നിർമ്മിക്കാൻ പര്യാപ്തമല്ലായെന്നതിനാൽ ധനസഹായം എത്രത്തോളം വർദ്ധിപ്പിച്ച് നൽകാം എന്ന കാര്യമൊക്കെ ഇന്ന് വൈകുന്നേരം ചേരുന്ന കാബിനറ്റ് യോഗത്തിൽ

ആലോചിക്കും. രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി ക്യാമ്പുകളിൽ താമസിക്കുന്നവരിൽ ആർക്കെങ്കിലും രോഗബാധയുണ്ടോ എന്ന് പരിശോധിക്കാൻ എല്ലാ ക്യാമ്പുകളിലും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാർ ഈ ക്യാമ്പുകളിലെല്ലാം പരിശോധന നടത്തുകയും അവശ്യംവേണ്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. പൊതുവിൽ ക്യാമ്പുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും രോഗബാധയുണ്ടാകാതിരിക്കാനുമുള്ള ഒരുക്കൾ നടത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആദിവാസികൾക്ക് നൽകിവരുന്ന സൗജന്യ റേഷൻ വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തീരദേശത്തുള്ളവർക്കായി പ്രത്യേകമായ ദുരിതാശ്വാസ നടപടികൾ 02-06-2018-ന് തന്നെ ഉത്തരവായിട്ടുള്ളതാണ്. കാലവർഷക്കെടുതിയുടെ ഭാഗമായി വൈദ്യുതിബന്ധം പലയിടത്തും വിച്ഛേദിക്കപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. ഊർജ്ജിതമായി ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ജനറേറ്റർ ആവശ്യമുള്ള

സ്ഥലങ്ങളിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കംമൂലം കിണർ മലിനമായ സ്ഥലങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള സംവിധാനവും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെ തകർച്ച പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പും നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാടും കോഴിക്കോടും തമ്മിലുള്ള ബന്ധം തന്നെ വിച്ഛേദിക്കുന്ന വിധത്തിൽ വയനാട്-താമരശ്ശേരി ചുരം റോഡ് തകർന്ന് പോയിരിക്കുകയാണ്. അത് ഗതാഗത യോഗ്യമാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തും. നഷ്ടപരിഹാര വിതരണത്തിൽ കാലതാമസം വരുത്താതെ, അപ്പപ്പോൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ ഇന്നത്തെ മന്ത്രി സഭാ യോഗത്തിൽ ആലോചിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. പൊതുവിൽ പറഞ്ഞാൽ കേരളത്തിലെ എല്ലാ ജില്ലകളെയും ബാധിച്ചിട്ടുള്ള ഈ കാലവർഷക്കെടുതിയിൽ, ഏറ്റക്കുറച്ചിലോടെ നമ്മുടെ പതിനാല് ജില്ലകളിലും ആൾ നാശം സംഭവിച്ചിട്ടുണ്ടെങ്കിലും ഏറ്റവും വലിയ ദുരന്തം നേരിട്ടിരിക്കുന്നത് കോഴിക്കോട് ജില്ലയിലെ കരിഞ്ചോലമല എന്ന പ്രദേശത്താണ്. അത്

നാടിനെ നടുക്കിയ സംഭവമാണിത്. സമീപപ്രദേശത്തെ ആളുകളുൾപ്പെടെ, ഇനിയവിടെ താമസിക്കാൻപോലും ധൈര്യപ്പെടാത്തവിധം ക്യാമ്പുകളിലേയ്ക്ക് മാറിത്താമസിച്ചിരിക്കുന്ന അവസ്ഥയാണുള്ളതെന്ന് അവിടം സന്ദർശിച്ചപ്പോൾ ബോധ്യമായി. ഇത്തരമൊരു സാഹചര്യത്തിൽ പ്രകൃതി ദുരന്തത്തിന്റെ ഭാഗമായി വന്നുചേർന്ന ഈ സംഭവങ്ങളെ യഥാസമയം കാണാനും മുന്നൊരുക്കങ്ങൾ നടത്താനും കഴിയാവുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്താനും പ്രത്യേകിച്ച്, ദുരന്ത മേഖലയിൽ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള രക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും വിജയകരമായ ഇടപെടൽ നടത്തിയിട്ടുണ്ട്. അത്തരമൊരു സാഹരച്യത്തിൽ ഈ വിഷയം സംബന്ധിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് അറിയിക്കാനുള്ളത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, കാലവർഷം ആരംഭിച്ചതോടെ സംസ്ഥാനം വീണ്ടും ദുരന്ത ഭൂമിയായി മാറിയിരിക്കുകയാണ്. സംസ്ഥാനത്ത് പൊതുവിലും കോഴിക്കോട് വിശേഷിച്ചും വടക്കൻ ജില്ലകളിൽ പ്രത്യേകിച്ചും ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും ഏതാണ്ട് 56-ഓളം മനുഷ്യ ജീവൻ പൊലിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ധാരാളം കൃഷി

നാശവുമുണ്ടായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ദുരിതം പെയ്തിറങ്ങുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. 'നിപ' വൈറസുമായി ബന്ധപ്പെട്ടുണ്ടായ വലിയ പ്രശ്നങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും മോചനം ലഭിച്ചുവരുന്നതിന്റെ ഇടയിലാണ് ഇത്ര ഭീകരമായ രൂപത്തിൽ മറ്റൊന്നുണ്ടായത്. സത്യത്തിൽ ഒരു പ്രകൃതിക്ഷോഭത്തിലും കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത രൂപത്തിലുള്ള നാശനഷ്ടങ്ങളും മരണവുമാണ് അവിടെയുണ്ടായിട്ടുള്ളത്. കരൾ പിളർക്കുന്ന രൂപത്തിലുള്ള കാഴ്ചയാണ് അവിടെ കാണാൻ സാധിച്ചത്. ഏതാണ്ട് 7 വീടുകൾ പൂർണ്ണമായും 35 വീടുകൾ ഭാഗികമായും തകർന്നു. ദുരന്തത്തിൽപ്പെട്ട 13 പേരുടെ മൃതദേഹം ലഭിച്ചു, ഇനിയും ഒരാളെ കണ്ടെത്താനുണ്ട്, അതിനായുള്ള തെരച്ചിൽ തുടരുകയാണ്. ഒരു കാരണവശാലും അവിടെ ഉരുൾപൊട്ടലിന് സാദ്ധ്യതയുണ്ടാകും എന്ന് ആ പ്രദേശം കണ്ടാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. മല പിൻഭാഗത്തുണ്ട്, വലിയ റോഡ് മുന്നിലൂടെ പോകുന്നുണ്ട്, ആ റോഡിന്റെ ഏതാണ്ട് നാലോ അഞ്ചോ മീറ്റർ അകലെയാണ് ദുരന്തത്തിനിരയായ വീടുകൾ നിലനിന്നത്. അതിന്റെ പരിസരത്തും ധാരാളം വീടുകളുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിച്ചപോലെ പതിറ്റാണ്ടുകളായ തെങ്ങുകളടക്കമുള്ള

വൃക്ഷങ്ങളും കൃഷിത്തോട്ടങ്ങളും അവിടെ കാണാൻ സാധിക്കും. അതിൽ ഈയൊരു പ്രദേശം പൂർണ്ണമായും ഇല്ലാതായിപ്പോയി. ആ 7 വീടുകൾ നിന്ന സ്ഥലത്ത് അങ്ങനെ വീടുകൾ ഉണ്ടായിരുന്നോയെന്നും എവിടെയായിരുന്നു അവ സ്ഥിതി ചെയ്തിരുന്നതെന്നും കണ്ടെത്താൻ സാധിക്കാത്ത അവസ്ഥയാണ്. ഒരു കുടുംബത്തിലെ 8 പേർ മരണപ്പെട്ടു. കുടുംബത്തിലെ ഒരാൾ ജോലി ആവശ്യാർത്ഥം വിദേശത്തായിരുന്നതിനാൽ അദ്ദേഹം രക്ഷപ്പെട്ടു. വളരെ ഭീകരമായ സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. ഉരുൾപൊട്ടൽ ഇന്നും ഇന്നലെയും ഉണ്ടായതല്ല. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ 1968 മുതൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. 1968 ജൂലൈ 1-നാണ് ആദ്യമായി കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ മാവുള്ള പൊയിൽ എന്ന സ്ഥലത്ത് ഉരുൾ പൊട്ടലുണ്ടായത്, അതിൽ 4 മരണം സംഭവിച്ചു. ഈ പ്രദേശവും ഏതാണ്ട് ഇപ്പോൾ ദുരന്തമുണ്ടായതിനടുത്താണ്. അരനൂറ്റാണ്ടായിട്ടും പ്രകൃതി ദുരന്തത്തെ എങ്ങനെ നേരിടുന്നുവെന്നത് നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. അന്ന് എങ്ങനെയാണോ നേരിട്ടത്, അതേ രൂപത്തിൽ തന്നെയാണ് ഇന്നും നേരിടുന്നത്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും അവിടെയുണ്ട്. ഭൂമിശാസ്ത്രപരമായി വടക്കൻ ജില്ലകളിൽ പ്രകൃതി ദുരന്തങ്ങൾക്ക് ഒട്ടേറെ

സാദ്ധ്യതയുള്ളതാണ്. രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കോഴിക്കോട് കേന്ദ്രമായി ദേശീയ ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് ആരംഭിക്കുന്നതിന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി ആയിരുന്നപ്പോൾ അനുമതി നൽകിയിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ കേരളത്തിന് അത് നഷ്ടമായി. അത്തരമൊരു കേന്ദ്രം കോഴിക്കോട് ആസ്ഥാനമായി ആരംഭിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും നടപടിയുണ്ടാകണമെന്നാണ് ആമുഖമായി എനിക്ക് സൂചിപ്പിക്കാനുള്ളത്. പുലർച്ചെ 4.00 മണിക്കുണ്ടായ ദുരന്തത്തിൽ ഉച്ചയ്ക്കുശേഷം 3.00 മണിക്കാണ് ബന്ധപ്പെട്ടവർ എത്തിയതെന്നും അതല്ല 5.00 മണിക്കാണെന്നും പിറ്റേദിവസമാണെന്നുമൊക്കെയുള്ള കാര്യങ്ങളിൽ തർക്കമുണ്ട്. എന്തായിരുന്നാലും ബന്ധപ്പെട്ടവർ ദുരന്തമുഖത്ത് എത്തിപ്പെടാൻ വൈകുന്ന സാഹചര്യമാണ് പലപ്പോഴുമുണ്ടാകുന്നത്. അതുകൊണ്ട് ചിലപ്പോൾ ജീവൻ രക്ഷപ്പെടുത്താൻ അല്ലെങ്കിൽ, മറ്റ് പ്രദേശങ്ങളിലേയ്ക്ക് ദുരന്തം വ്യാപിക്കാതിരിക്കാനുള്ള സാഹചര്യമൊരുക്കാൻ കഴിയാതെ പോകുന്നതുൾപ്പെടെയുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ആയിരത്തി ഇരുന്നൂറോളം കോടി

രൂപയുടെ  കേന്ദ്ര സഹായം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം എന്നുള്ളത് നമ്മൾ കാണേണ്ടതാണ്.  എന്നാൽ ദുരന്ത പ്രതിരോധ മേഖലയിൽ ഇതനുസരിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ നമുക്കാവുന്നില്ല.  എല്ലാ ദുരന്തമുഖത്തും ഓടിയെത്തുന്ന അഗ്നിശമനസേനാ ജീവനക്കാർക്ക് വേണ്ടത്ര പരിശീലനമോ മെച്ചപ്പെട്ട ഉപകരണങ്ങളോ നൽകാൻ നമുക്കാവുന്നില്ല.  ദുരന്ത നിവാരണ അതോറിറ്റിക്ക് കോടികൾ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത് എന്നുള്ളത് ദൗർഭാഗ്യകരമാണ്.  2000 മുതൽ പ്രവർത്തിച്ചുവരുന്ന ദുരന്ത നിവാരണകേന്ദ്രം ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്.  ഒരു ഉദ്യോഗസ്ഥൻ മാത്രം ശേഷിക്കുന്ന ഈ കേന്ദ്രമാണ് ദുരന്ത നിവാരണ പദ്ധതി നയം, ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി എന്നിവയുടെ കരട് തയ്യാറാക്കുന്നത് എന്നത് നമ്മെ ഏറെ അത്ഭുതപ്പെടുത്തുന്നു.  ഇതുപോലെയുള്ള കാര്യങ്ങളിൽ നമ്മൾ എപ്പോഴും വൈമുഖ്യം കാണിക്കുകയാണ്.  നിപ വൈറസ് ബാധയുണ്ടായപ്പോൾ ഇവിടെ ഒരു ചർച്ച നടത്തി.  ആലപ്പുഴയിൽ ഒരു വൈറോളജി സെന്ററുണ്ടായിരുന്നു. ആ വൈറോളജി സെന്ററിൽ കൊതുകിനെ എങ്ങനെ നശിപ്പിക്കാമെന്നുള്ളത് കണ്ടുപിടിക്കാൻ കുറച്ച് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എന്നുള്ളതല്ലാതെ

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക്.........., ഇതുപോലുള്ള പ്രവർത്തനങ്ങൾക്ക് വിമുഖത കാണിക്കുന്ന ഒരു സാഹചര്യം സംസ്ഥാനത്തുണ്ട് എന്നുള്ളതാണ് വസ്തുത. ഏത് തരത്തിലുള്ള ദുരന്തങ്ങൾ സംഭവിച്ചാലും ദുരന്ത നിവാരണസേന സ്ഥലത്തെത്തുന്നതിനുമുമ്പ് അവിടെയുള്ള നാട്ടുകാരാണ് രക്ഷാപ്രവർത്തനങ്ങൾക്ക് സജ്ജരാകുന്നത്. രാഷ്ട്രീയം മറന്ന് ജാതി-മത വ്യത്യാസമില്ലാതെ പൂർണ്ണമായും ഒരു മെയ്യായി പ്രവർത്തിച്ച കാഴ്ച കട്ടിപ്പാറയിലെ കരിഞ്ചോലയിൽ കാണാൻ സാധിച്ചു. ദുരന്തമുണ്ടായപ്പോൾ എല്ലാവരും ഒരുമിച്ചുനിന്നു. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഇത്തരം ദുരന്തമുണ്ടാകുമ്പോൾ ദുരന്ത നിവാരണ സേനയെക്കാൾ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നത് ആ പ്രദേശത്തെ നാട്ടുകാർക്കാണ് എന്നുള്ളതാണ്. അവർക്കാണ് ആ പ്രദേശത്തിന്റെ അവസ്ഥയെന്താണെന്നും ഭൂമിശാസ്ത്രപരമായ ഘടനയെന്താണെന്നുമൊക്കെ മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഇത്തരം പ്രദേശങ്ങളിലെ ആളുകൾക്ക് പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ അവ എങ്ങനെ നേരിടാമെന്നതിന് ട്രെയിനിംഗ് നൽകാനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ വ്യക്തമായ ആസൂത്രണം, ഏകോപനം ഇതൊക്കെ ഉണ്ടാകണം.

ഒരു ദുരന്തമുണ്ടാകുമ്പോൾ നമ്മൾ പകച്ചുനിന്നുപോകാറുണ്ട്. ആരേയും കുറ്റപ്പെടുത്തുന്നില്ല. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. ഈ സംഭവത്തിൽ രാഷ്ട്രീയത്തിനപ്പുറത്ത്, കേരളത്തിൽ ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകുമ്പോൾ നമുക്കൊരുമിച്ച് നിന്നുകൊണ്ട് എങ്ങനെ നേരിടാം, ദുരന്തമുണ്ടാകുന്നതിനുമുമ്പ് അതിനെ എങ്ങനെ തടയാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ദുരന്തം വന്നതിനുശേഷം ദുരന്ത നിവാരണത്തിനുവേണ്ടി കുടുംബത്തെ സഹായിക്കുക, അല്ലെങ്കിൽ ആ പ്രദേശത്ത് ക്യാമ്പുണ്ടാക്കുക, കെടുതികൾ അനുഭവിക്കുന്ന ആളുകൾക്ക് വേണ്ട സഹായം ചെയ്തുകൊടുക്കുക, മരണം നടന്നശേഷം കുടുംബത്തെ സഹായിക്കുക- അതൊക്കെ വളരെ കൃത്യമായി നടക്കുന്നുണ്ട്, അതിലൊന്നും ആക്ഷേപമില്ല. അവിടെ ഭംഗിയായി ക്യാമ്പ് നടക്കുന്നുണ്ട്. അവിടത്തെ നാട്ടുകാരും സന്നദ്ധ പ്രവർത്തകരും ഗവൺമെന്റുമൊക്കെ അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. ജില്ലയിലുണ്ടായിരുന്ന മന്ത്രിമാരും അവിടെ ക്യാമ്പ് ചെയ്തുകൊണ്ട് ആ പ്രവർത്തനങ്ങളിലൊക്കെ ഇടപെടുന്നു. അതിലൊന്നും ആർക്കും തർക്കമില്ല. ഇപ്പോഴും ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് എത്ര ആളുകൾ മരിച്ചുവെന്നുള്ളതിന്റെ കൃത്യമായ കണക്ക് നമ്മുടെ കയ്യിലില്ല. സഭ

ഒരു കണക്കും സർക്കാർ മറ്റൊരു കണക്കുമാണ് പറയുന്നത്. ദുരന്തമുണ്ടാകുമ്പോൾ കൃത്യമായ കണക്കെടുക്കാൻ സാധ്യമാകാത്ത ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. കേരളത്തിൽ ഏതാണ്ട് പത്തോളം താലൂക്കുകൾ ഗുരുതരമായ കാലവർഷക്കെടുതി ഉണ്ടാകാനും ഉരുൾപൊട്ടലുണ്ടാകാനും സാധ്യതയുമുള്ള പ്രദേശങ്ങളാണ് എന്നാണ് പറയുന്നത്. ഒരു പഠനത്തിൽ ഇരുപത്തിയാറോളം പ്രദേശങ്ങളിൽ ഗുരുതരമായ രൂപത്തിലല്ലെങ്കിലും ഉരുൾപൊട്ടലിനും പ്രകൃതിക്ഷോഭത്തിനും സാധ്യതയുണ്ട്, അങ്ങനെ മുപ്പത്തിയാറ് താലൂക്കുകൾ ഇതിന്റെ പരിധിയിൽവരുമെന്ന് പറഞ്ഞിട്ടുണ്ട്. കാലവർഷം ആരംഭിക്കുമ്പോൾത്തന്നെ ഈ പ്രദേശങ്ങളിൽ എന്തൊക്കെ മുൻകരുതലുകളെടുക്കാം എന്നുള്ളതിനെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതും അവിടെനിന്നും മാറ്റിപാർപ്പിക്കേണ്ടവരെ മാറ്റേണ്ടതുമാണ്. ചെങ്കുത്തായ സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളുണ്ട്. പാറക്കല്ലും മണ്ണും ഒലിച്ചുവന്ന് ആറോ ഏഴോ വീടുകളുടെ മേൽ പതിക്കുകയായിരുന്നു. അതോടൊപ്പം നൂറുകണക്കിന് വീടുകൾ അപ്പുറവും ഇപ്പുറവുമായുണ്ട്. അവ മുകളിൽനിന്ന് ഇടിഞ്ഞുവീണിരുന്നെങ്കിൽ ധാരാളം ആളുകൾ മരിക്കുന്ന സാഹചര്യം ഉണ്ടാകുമായിരുന്നു. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ചെങ്കുത്തായ

സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് താഴ്ഭാഗത്ത് സർക്കാർ സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുകയോ അല്ലെങ്കിൽ അതുപോലുള്ള സംവിധാനങ്ങളോ കണ്ടെത്തി അവിടെനിന്നും മാറ്റിപാർപ്പിക്കണം. അല്ലെങ്കിൽ സ്ഥിരമായി ഇത്തരം ദുരന്തങ്ങൾക്ക് നമ്മൾ സാക്ഷിയാകേണ്ടിവരും. ഈയൊരു സാഹചര്യം മനസ്സിലാക്കി മുൻകരുതലെന്ന നിലയിൽ നടപടി സ്വീകരിക്കണം. ഈ ദുരന്തത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകളൊക്കെ ഉണ്ടായിട്ടുണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിക്കാൻ ഇതുവരെ തയ്യാറാകാത്തതിൽ അവിടത്തെ ജനങ്ങൾക്ക് നിരാശയുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടലാണ് കോഴിക്കോട്ടുണ്ടായത്. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

വയനാട് ജില്ലയുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, സംസ്ഥാനത്തെ ബാംഗ്ലൂർ, മൈസൂർ, ഊട്ടി എന്നീ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്നതും വയനാട്ടുകാരുടെ മുഖ്യ അവലംബവുമായ സുപ്രധാന പാതയാണ് വയനാട് ചുരം റോഡ്. ദേശീയപാത 766-ന്റെ ഭാഗമായ ഈ

വഴിയിലൂടെ ദിനംപ്രതി ഇരുപത്തയ്യായിരത്തോളം വാഹനങ്ങളാണ് കടന്നുപോകുന്നത്. ചുരം റോഡിന്റെ നാശം തടയാനോ അപ്പപ്പോൾ വേണ്ട പ്രവൃത്തികൾ ചെയ്യാനോ ഫലപ്രദമായ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. ചിപ്പിലിത്തോട് ഭാഗത്തെ റോഡിന്റെ താഴ്ഭാഗം ഇടിഞ്ഞതിനാൽ വലിയ വാഹനങ്ങളൊന്നുംതന്നെ പോകുന്നില്ല. മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ വയനാടുമായുള്ള ബന്ധം വിച്ഛേദിച്ച സ്ഥിതിയാണുള്ളത്. വയനാട് ചുരത്തിൽ ഇനിയും വലിയ അപകടമുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തനങ്ങൾ......

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...... പ്ലീസ് ....

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, വലിയ ദുരന്തം സംഭവിച്ച ഒരു പ്രദേശത്തിന്റെ കാര്യമാണ്. മാത്രമല്ല, അവിടെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. പാറക്കൽ അബ്ദുല്ല, എല്ലാം പ്രധാനപ്പെട്ട വിഷയങ്ങൾ തന്നെയാണ്. അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് 12 മിനിട്ടായി. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, രണ്ട് മിനിട്ടുകൂടി തരണം. ഇതുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങളുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. സാധാരണ കാറ്റടിക്കുമ്പോൾ മരച്ചില്ലകൾ പൊട്ടിവീഴുകയാണ് ചെയ്യുന്നത്. എന്നാൽ കോഴിക്കോട് ജില്ലയിൽ ആൽമരങ്ങളുൾപ്പെടെയുള്ള വൻമരങ്ങൾ കടപുഴകി വീഴുന്ന അവസ്ഥാവിശേഷമാണുള്ളത്. അതുകൊണ്ട് ഒരു നിതാന്ത ജാഗ്രത ഈ രംഗത്തുണ്ടാകണം. അതുപോലെ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കനാലിന്റെ പണി നടന്നിട്ട് ഏതാണ്ട് 50 വർഷമായി. ഇന്നുവരെ ഒരു മെയിന്റനൻസ് വർക്കും അവിടെ നടക്കുന്നില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. ഇതുമൂലം വലിയ ദുരന്തമുണ്ടായിരിക്കുകയാണ്. പെരുവണ്ണാമൂഴി ഡാം തുറന്നുവിട്ടതിന്റെ ഫലമായി മലവെള്ളം കുത്തിയൊഴുകി വരികയും കനാലിന്റെ ഒരു ഭാഗം തകർന്ന് ജനവാസ കേന്ദ്രത്തിലൂടെ മൂന്നു നാല് ദിവസമായി വെള്ളം ഒഴുകിപ്പോകുകയാണ്. ഏതാണ്ട് 16 കുടുംബങ്ങളെ അവിടെനിന്നും മാറ്റിപാർപ്പിച്ചിരിക്കുകയാണ്. വലിയ ദുരന്തം സംഭവിക്കുമായിരുന്നത് എന്തോ കാരണത്താൽ വഴി മാറിപ്പോയി എന്നതാണ് അവസ്ഥ. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് കനാലിന്റെ പ്രവർത്തനം

ത്വരിതഗതിയിൽ നടന്നില്ലെങ്കിൽ ആ പ്രദേശങ്ങളിൽ മാത്രമല്ല എല്ലായിടത്തും ഇനിയും വലിയ അപകടമുണ്ടാകുമെന്നാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, നിപ വൈറസ് ബാധയുണ്ടായപ്പോൾ കച്ചവടക്കാരെല്ലാം വലിയ പ്രയാസത്തിലായിരുന്നു. ചെറുകിട കച്ചവടക്കാരുൾപ്പെടെയുള്ളവർ പല സ്ഥലത്തുനിന്നും കടം വാങ്ങിയും വായ്പ വാങ്ങിയുമൊക്കെ സാധനങ്ങൾ കൊണ്ടുവന്ന് കടകൾ നിറയ്ക്കുകയും പെരുന്നാളിന്റെ തലേദിവസം ഉച്ചയ്ക്ക് മലവെള്ളം കയറി കടകളിലെ മുഴുവൻ സാധനങ്ങളും നശിച്ചുപോകുന്ന ഒരു സാഹചര്യവുമുണ്ടായി. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളിലും പ്രത്യേകിച്ചും പുറമേരി, തീക്കുനി എന്നിവിടങ്ങളിലെ കച്ചവടക്കാരുടെ കാര്യം വളരെ കഷ്ടമാണ്. അതുപോലെ കൃഷിനാശവവും ഉണ്ടായിട്ടുണ്ട്. കൃഷിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളുമൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ അതൊക്കെ ഇല്ലാതായിപ്പോകുന്ന ഒരു സാഹചര്യമാണ് കാർഷിക മേഖലയിലുള്ളത്. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് കർഷകർക്കുണ്ടായിട്ടുള്ളത്. അതുകൊണ്ട് കോഴിക്കോട് ജില്ലയ്ക്ക് പ്രത്യേകിച്ചൊരു പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ

ദുരന്തത്തിൽപ്പെട്ട ആളുകൾക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും സർക്കാർ ഇതുവരെ സഹായം പ്രഖ്യാപിച്ചിട്ടില്ല. അവർക്ക് വീടും ഭൂമിയും കണ്ടെത്താൻ സാധ്യമാകുന്ന എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ, ഞാൻ ആദ്യം സൂചിപ്പിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ളതുതന്നെയാണ്. സംസ്ഥാന ഗവൺമെന്റിനെയും മന്ത്രിസഭയിലെ അംഗങ്ങളെയും സംബന്ധിച്ചിടത്തോളം അവർക്ക് ദുരന്തമേഖലയിൽ ചെയ്യാവുന്ന കാര്യങ്ങൾ വളരെ പെട്ടെന്നുതന്നെ ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് അദ്ദേഹം കൂടി അംഗീകരിക്കുന്ന കാര്യമാണ്. ഓരോ പ്രദേശത്തും ഇന്ന അപകടങ്ങൾ സംഭവിക്കുമെന്ന് മുൻകൂട്ടി കാണാനുള്ള ഒരു സാഹചര്യവും സാധ്യതയും നമ്മുടെ മുമ്പിൽ ഇല്ലാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. പൊതുവിൽ കേരളത്തിൽ വന്നേക്കാനിടയുള്ള കാലവർഷക്കെടുതി സംബന്ധിച്ചുള്ള ജാഗ്രതാ നിർദ്ദേശം നേരത്തെതന്നെ

നൽകിയെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. ജില്ലാ കളക്ടർമാരും ജില്ലാ ഭരണകൂടവും ഉണർന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ എവിടെയാണ് ഉരുൾപൊട്ടൽ ഉണ്ടാവുക, ദുരന്തം ഉണ്ടാവുക എന്ന് കൃത്യമായി കണ്ടെത്താൻ കഴിയാത്തതും അതിനെതിരെ തയ്യാറെടുത്ത് നിൽക്കാൻ കഴിയാത്തതുമായ സാഹചര്യമുള്ളതുകൊണ്ടാണ് ദുരന്തം ഉണ്ടായതിനുശേഷം മാത്രം തുടർന്നുള്ള രക്ഷാപ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നത്. അങ്ങനെയുള്ള പ്രവർത്തനത്തിൽ എൻ.ഡി.ആർ.എഫ്. എത്താനുള്ള പ്രശ്നങ്ങളൊക്കെയാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്രമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹം നടത്തിയ പരിശ്രമത്തെക്കുറിച്ചും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അന്ന് അതിനുവേണ്ടി കോഴിക്കോട് കണ്ടെത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിക്കുകയും മധ്യകേരളത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എറണാകുളത്ത് എൻ.ഡി.ആർ.എഫ്. യൂണിറ്റ് ആരംഭിക്കണമെന്ന് തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലുമോ, വിവിധ

പ്രദേശങ്ങളില്ലമോ എൻ.ഡി.ആർ.എഫ്. യൂണിറ്റ് സ്ഥാപിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റാണ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മാത്രമേ എൻ.ഡി.ആർ.എഫ്. യൂണിറ്റ് സ്ഥാപിക്കാൻ കഴിയുന്നത്. ദേശീയ ദുരന്തപ്രതികരണ സേനയുടെ തെക്കേ ഇന്ത്യയുടെ ഉത്തരവാദിത്വമുള്ള എൻ.ഡി.ആർ.എഫ്. ഫോർത്ത് ബെറ്റാലിയൻ തമിഴ്നാട്ടിലെ അരക്കോണത്താണ്. അതിന്റെ ഉപകേന്ദ്രമായാണ് കേരളത്തിൽ പ്രാദേശിക പ്രതികരണ കേന്ദ്രം പ്രവർത്തിക്കുന്നത്. അതാണ് ഇപ്പോൾ താൽക്കാലികമായി തൃശ്ശൂരിൽ പ്രവർത്തിക്കുന്നതും എറണാകുളത്ത് സ്ഥലം കണ്ടെത്തിയിട്ടുള്ളതും. കഴിഞ്ഞ രണ്ടുമൂന്ന് മന്ത്രിസഭാ യോഗങ്ങൾക്ക് മുമ്പുള്ള മന്ത്രിസഭാ യോഗം, എറണാകുളത്ത് ഐ.ഒ.സി. യുടെ പക്കലുള്ള 5 ഏക്കർ സ്ഥലം വിട്ടുനൽകി എൻ.ഡി.ആർ.എഫ്. കേന്ദ്രമാക്കി പ്രവർത്തിക്കാൻ തീരുമാനമെടുത്ത് നടപ്പാക്കുകയാണ്. നേരത്തെ നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലെന്നുള്ളതിന്റെ പേരിലാണ് വീണ്ടും തീരുമാനമെടുത്തത്. എൻ.ഡി.ആർ.എഫ്.-ന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ മധ്യഭാഗത്ത് വിമാനമാർഗ്ഗം ഉൾപ്പടെയുള്ള യാത്രാസൗകര്യമുള്ള കേന്ദ്രമായിരിക്കണമെന്നാണ് തീരുമാനിച്ചത്. എന്തുകൊണ്ടാണ് അവിടെ

എയർലിഫ്റ്റ് ചെയ്യാൻ കഴിയാതെ പോയതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചു. തൃശ്ശൂരിൽ നിന്ന് റോഡ് മാർഗ്ഗമാണ് ആളുകളെ എത്തിക്കുന്നതെങ്കിൽ എത്തുന്ന അത്രയും സമയം മതിയാകില്ല എന്നൊരവസ്ഥയുണ്ട്. ഏറ്റവും ചുരുങ്ങിയത് എയർഫോഴ്സിന്റെ ഹെലികോപ്റ്റർ അനുവദിച്ച് കിട്ടണമെന്നുള്ളതാണ്. അതിന് ചുരുങ്ങിയത് 3-4 മണിക്കൂർ സമയമെടുക്കുമെന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അര മണിക്കൂർ സമയം മതിയാകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹെലികോപ്റ്റർ അനുവദിച്ച് കിട്ടുന്നതിനുള്ള സമയം ഉൾപ്പെടെ കൂടുതൽ സമയം എടുക്കുമെന്നുള്ളതുകൊണ്ടാണ് അതിനെക്കാൾ വളരെ പെട്ടെന്ന് എത്തിച്ചേരാൻ കഴിയുന്ന രീതിയിൽ ഒരു തീരുമാനമുണ്ടായത്. ഗതാഗത തടസ്സം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിലനിൽക്കുന്നതിനാലാണ് അല്പം സാവകാശം അതിൽ ഉണ്ടായത്. ഇതിനെല്ലാം മുമ്പുതന്നെ ഫയർഫോഴ്സിന്റെയും പോലീസിന്റെയും ജനങ്ങളുടെയും വലിയ പങ്കാളിത്തത്തോടുകൂടി രക്ഷാപ്രവർത്തനം നടക്കുകയും രാവിലെ ഏകദേശം 10 മണിക്ക് തന്നെ ഒരു മൃതദേഹം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

രക്ഷാപ്രവർത്തനങ്ങൾ നടത്താതെ ദുരന്ത നിവാരണ സേനയെ കാത്തുനിന്നതല്ലെങ്കിലും അവരെ വരുത്തുന്നതോടൊപ്പം എല്ലാ വിഭാഗവും ഒന്നിച്ചുചേർന്നുള്ള രക്ഷാപ്രവർത്തനമാണ് അവിടെ നടന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യത്തിൽ, ഇത് സംസ്ഥാനത്തെ ഏറ്റവും വലിയ ദുരന്തമാണെന്നും കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം വളരെ ഞെട്ടലുണ്ടാക്കിയ സംഭവമാണെന്നും ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ 14 ജില്ലകളിലും ഈ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വിവിധ രൂപത്തിലുള്ള ആൾനാശം ഉണ്ടായതായി കാണാൻ കഴിയും. കേരളത്തിൽ ഇപ്പോൾ കാലവർഷക്കെടുതിയുടെ ഭാഗമായി മരണപ്പെട്ടത് 56 പേരും കാണാതായത് 4 പേരുമാണ്. അത്തരത്തിൽ 60 പേരുടെ വിഷയമുണ്ട്. ദുരന്ത മേഖലയിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ ഭാഗമായി 115 ക്യാമ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിരിക്കുകയാണ്. അവിടെ 5520 കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ദുരന്ത മേഖലയിൽ ഹെലികോപ്റ്റർ എത്തിച്ചില്ലെന്ന ആരോപണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

ഉന്നയിക്കുന്നത്. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഉൾപ്പെടെ അടിയന്തര ഘട്ടങ്ങളിലും ഇത്തരം രക്ഷാപ്രവർത്തനങ്ങളിലും സംസ്ഥാനത്തിന് ഉപയോഗിക്കാൻ ഹെലികോപ്റ്റർ ആവശ്യമാണെന്നാണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്നും മനസ്സിലാകുന്നത്. ഒരു ഹെലികോപ്റ്റർ വാങ്ങാൻ കേരള ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ സാധ്യതകൾ ആരായുമോ?

Shri Ramesh Chennithala: Shri E. P. Jayarajan, he is putting his words in my mouth. അത് വേണ്ട. ദുരന്തനിവാരണത്തിന് ആവശ്യപ്പെട്ടാൽ അപ്പോൾത്തന്നെ എയർ ഫോഴ്സിന്റെ ഹെലികോപ്റ്റർ കിട്ടും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് വളരെ തെറ്റായിപ്പോയി. തൃശ്ശൂരിൽ നിന്ന് കോഴിക്കോട് വരെ പോകാൻ 4 മണിക്കൂർ എടുക്കുകയില്ല, 35 മിനിട്ട് മാത്രം മതി. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ച് പറയണമായിരുന്നു. ഞങ്ങൾ പറഞ്ഞത് തൃശ്ശൂരിൽ നിന്ന് എയർലിഫ്റ്റ് ചെയ്യാമായിരുന്നുവെന്നാണ്. വെളുപ്പിന് 3 മണിക്ക് സംഭവമുണ്ടായിട്ട് വൈകുന്നേരം 5 മണിക്കാണ് ദുരന്ത നിവാരണ സേന അവിടെ എത്തിയത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എയർ ആംബുലൻസിനെക്കുറിച്ചും ഹെലികോപ്റ്ററിനെക്കുറിച്ചും പറഞ്ഞു. ഞാൻ

ഒരുകാര്യം ഇതിനുമുമ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. 6 പേർക്ക് ഇരിക്കാവുന്ന ഒരു വിമാനം വാങ്ങി രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ രണ്ടുമൂന്ന് കൊല്ലമായി വെറുതെ ഇട്ടിരിക്കുകയാണ്. ഇക്കാര്യം ഞാൻ കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രിയുമായും സംസാരിച്ചിരുന്നു. ആ വിമാനം ആംബുലൻസായി എടുത്താൽ ഇത്തരം എമർജൻസികളിൽ ആളുകളെ കൊണ്ടുപോകാനും വരാനും സാധിക്കും. ഒരു പൈലറ്റിനെ നിയമിക്കുകയെന്നുള്ളത് മാത്രമാണുള്ളത്. പുതിയതായി പണം കൊടുത്ത് വിമാനം വാങ്ങേണ്ടതില്ല. ആ വിമാനം ഇത്തരം പ്രകൃതി ദുരന്തങ്ങളിൽ ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. കെ. നാണു: സർ, മത്സ്യത്തൊഴിലാളികൾ കടലിൽ അപകടപ്പെട്ടപ്പോൾ പലപ്പോഴും ഹെലികോപ്റ്റർ ആവശ്യപ്പെട്ടിരുന്നു. ഞാൻ ആക്ഷേപിച്ച് പറയുകയല്ല. മണിക്കൂറുകൾ കഴിഞ്ഞാണ് ഹെലികോപ്റ്ററുകൾ വരുന്നത്. ഞാൻ എന്റെ അനുഭവമാണ് പറയുന്നത്. ഞാൻ കടലോര മേഖലയുമായി ബന്ധമുള്ള ആളാണ്, ഇതിനെ ന്യായീകരിക്കുകയല്ല. ഏതെങ്കിലും തരത്തിൽ ഹെലികോപ്റ്റർ കൊണ്ടുവരാൻ സാധിച്ചിരുന്നെങ്കിൽ നല്ലത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, ഹെലികോപ്റ്റർ

എത്താനുള്ള സമയമല്ല മന്ത്രി പറഞ്ഞത്; വിളിച്ചാൽ എത്താനുള്ള സമയമാണ്.

.....(ബഹളം).....

മി. സ്പീക്കർ: അദ്ദേഹത്തിന്റെ അഭിപ്രായമാണ് പറഞ്ഞത്, ഗവൺമെന്റിനുവേണ്ടി മന്ത്രി പറയും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതിൽ ഒറ്റ കാര്യമേയുള്ളൂ.

ശ്രീ. പി. കെ. ബഷീർ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അദ്ദേഹം വഴങ്ങിയിട്ടില്ല. ...(ബഹളം)........

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഒരു ന്യായീകരണവും ഇല്ല. ... (ബഹളം).......

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, മന്ത്രി പറയുന്നത് കേൾക്കൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഒറ്റ കാര്യമേ ഇവിടെ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ഹെലികോപ്റ്ററിൽ തൃശ്ശൂരിൽ നിന്ന് കോഴിക്കോട് എത്താൻ നാലുമണിക്കൂർ വേണമെന്ന് ഞാൻ പറഞ്ഞുവെന്ന അർത്ഥത്തിലാണ്. ... (ബഹളം).....

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ എന്തോ ചോദിക്കുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അങ്ങനെ ഒരു കാര്യവും ഞാൻ പറഞ്ഞിട്ടില്ല. ഹെലികോപ്റ്റർ അനുവദിച്ചുകിട്ടുന്നതിനുള്ള സാവകാശംമൂലം അതിനേക്കാൾ മുമ്പേ ആളുകളെ വാഹനത്തിലെത്തിക്കാൻ കഴിയുമോ എന്നാണ് ആലോചിച്ചിട്ടുള്ളത്. അതുകൊണ്ട് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും ഉണ്ടാകരുത്. ഹെലികോപ്റ്ററിൽ തൃശ്ശൂരിൽ നിന്ന് കോഴിക്കോട് എത്താൻ വേണ്ടിവരുന്ന സമയമല്ല ഞാൻ ചൂണ്ടിക്കാണിച്ചത്, ഹെലികോപ്റ്റർ എയർ ഫോഴ്സിൽനിന്ന് അനുവദിച്ചുകിട്ടുന്നതിനുള്ള സാവകാശമുൾപ്പെടെ വരുമ്പോൾ അതിനുള്ള സമയം കാത്തുനിൽക്കാതെ വാഹനത്തിൽ ആളുകളെ എത്തിക്കണം എന്ന ധാരണയാണ് സ്വീകരിച്ചതെന്ന് പറഞ്ഞതിനെയാണ് തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒരർത്ഥത്തിലും അത്തരമൊരു അഭിപ്രായമല്ല ഞാൻ പ്രകടിപ്പിച്ചത്. ഇവിടെ സർവ്വശ്രീ. ഇ. പി. ജയരാജൻ, കെ. ബി. ഗണേഷ് കുമാർ, സി. കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾപ്പെടെ പലരും ചൂണ്ടിക്കാണിച്ച കാര്യത്തെക്കുറിച്ച് തീർച്ചയായും സർക്കാർ ആലോചിക്കേണ്ട ഒരു വിഷയമാണ്, അത് പരിശോധിച്ച് തീരുമാനമെടുക്കും. 5520

കുടുംബങ്ങളെ അതായത് 23,303 പേരെ ഇത്തരം ക്യാമ്പുകളിൽ ഇപ്പോൾ താമസിപ്പിച്ചിരുന്നു എന്നുള്ളതാണ്. അവരിൽ പലരും കാലാവസ്ഥയിൽവന്ന മാറ്റത്തെത്തുടർന്ന് അവരുടെ വീടുകളിലേയ്ക്കുപോയി. വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് തിരിച്ചുപോകാൻ കഴിയാതെയിരിക്കുകയാണ്. പ്രത്യേകിച്ച് ഇരിട്ടിപോലെയുള്ള മേഖലകളിൽ ക്യാമ്പുകൾ അവസാനിപ്പിക്കുകയും അവിടെനിന്ന് ആളുകളെ മാറ്റി മറ്റ് കുടുംബ വീടുകളിൽ താമസിപ്പിക്കുന്ന സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു ആലോചന തീർച്ചയായും കോഴിക്കോട്ടും നടക്കുന്നുവെന്നാണ് കളക്ടറുമായി സംസാരിച്ച് ഇന്നലെ തീരുമാനിച്ചിട്ടുള്ളത്. പരിക്കുപറ്റി ആശുപത്രിയിലായ ആളുകളുടെ എണ്ണം 14 ആണ്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 235 വീടുകൾ പൂർണ്ണമായും 5,022 വീടുകൾ ഭാഗികമായും തകർന്നുപോയിട്ടുണ്ട്. അതിൽ കണക്കാക്കുന്ന നഷ്ടം 848.67 ലക്ഷം രൂപയാണ്. അതുപോലെതന്നെ ലഭ്യമായ കണക്കനുസരിച്ച് 7264.1557 ഹെക്ടറിൽ വിളനാശം സംഭവിച്ചിട്ടുണ്ട്. അതിന് കണക്കാക്കിയിരിക്കുന്ന നഷ്ടം 7139.09 ലക്ഷം രൂപയാണ്. അതുപോലെ മൊത്തം 77,987.76 ലക്ഷം രൂപ ഇതിന്റെ നഷ്ടമായി പൊതുവിൽ കണക്കാക്കിയ റിപ്പോർട്ടുകളാണ് ലഭിച്ചിട്ടുള്ളത്. ഈയപ്പറയുന്ന ദുരന്ത

മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിശോധിക്കാനും നടപടികൾ സ്വീകരിക്കാനുമെല്ലാം ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് ചേരുന്ന മന്ത്രിസഭാ യോഗത്തിൽ പ്രത്യേകമായി ആലോചിച്ച് തീരുമാനമെടുക്കും. അത് സാധാരണഗതിയിൽ മതിയാകില്ല എന്ന് നേരത്തെത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ അറിയിച്ചിട്ടുള്ളതുമാണ്. അതിനാവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈപ്പറയുന്ന വിഷയത്തെ സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി എല്ലാ കാര്യങ്ങളും സംസാരിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ അംഗം അവതരിപ്പിക്കുമ്പോൾ ചൂണ്ടിക്കാണിച്ചത്, നമ്മുടെ രക്ഷാപ്രവർത്തന കാര്യത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ട് എന്നതന്നെയാണ്. അതിൽ നാട്ടുകാർ വഹിച്ച പങ്ക്, എല്ലാവരും ഏക മനസ്സോടെ പ്രവർത്തിച്ചത് എന്നിവ അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. ഇവിടെ ഈ സംഭവം ഉണ്ടായ ഉടൻതന്നെ നമ്മുടെ സമൂഹത്തിന്

ഉണർന്നുപ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് ഫലപ്രദമായി നേതൃത്വം നൽകാൻ നമ്മുടെ മന്ത്രിമാർക്കും കഴിഞ്ഞിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ആദ്യംമുതൽതന്നെ അവിടെ ഉണ്ടായിരുന്നു. കളക്ടറേറ്റിൽ കളക്ടറുമായി ചേർന്നുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികമായിത്തന്നെ യോഗം ചേർന്നു. നാട്ടുകാർ നേരത്തെതന്നെ അവിടെ ഫലപ്രദമായ പ്രവർത്തനവും ആരംഭിച്ചിരുന്നു. രക്ഷാ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഒരു കുറവ് സംഭവിച്ചുവെന്ന് നമുക്കാർക്കും പറയാൻ കഴിയില്ല. ഇത്തരത്തിൽ മുൻകൂട്ടി കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള പ്രയാസം സ്വാഭാവികമായിട്ടുണ്ട്. എന്നാൽ അപകട സാധ്യതയുള്ള സ്ഥലത്ത് അവിടെനിന്ന് ആളുകൾ മാറിപ്പാർക്കണം എന്ന് നേരത്തെതന്നെ അറിയിപ്പ് ഉണ്ടായിരുന്നു. ഈ പ്രദേശത്തും അങ്ങനെയുള്ള അറിയിപ്പുകളുണ്ടായിരുന്നു. എന്നാൽ സ്വാഭാവികമായും നമ്മളാരും അത് അത്ര ഗൗരവത്തിലെടുക്കില്ല, ഇങ്ങനെയൊരു അനുഭവമില്ലാത്തതുകൊണ്ട് അത്തരമൊരു ഭയാശങ്കയിൽ ആളുകൾ നിൽക്കില്ല. ചെറിയ ഭയാശങ്കയുള്ളവർ അവിടെനിന്നും മാറിയിട്ടുമുണ്ട്. അതും ഇതിന്റെകൂടെ കാണേണ്ട ഒരു കാര്യമാണ്. അദ്ദേഹം പറഞ്ഞ ഒരു

കാര്യം, ഈ ചെങ്കുത്തായ പ്രദേശത്ത് താമസിക്കുന്നവരെ മുഴുവൻ മാറ്റിപ്പാർപ്പിക്കുക എന്നതാണ്. നമ്മുടെ കേരളത്തിന്റെ ഒരു ഭാഗം ഇപ്പുറമുള്ളതുപോലെതന്നെ മലയോരപ്രദേശമാണല്ലോ, അവരെ മുഴുവൻ മാറ്റിപ്പാർപ്പിക്കുക എന്നുപറയുന്നത് നമുക്ക് സാധ്യമാകുന്ന കാര്യമാണോ; അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അപകടം ഒഴിവാക്കാനാവശ്യമായ കുറേ കാര്യങ്ങൾ നാം മുൻകരുതലായി ചെയ്യേണ്ടതായിട്ടുണ്ട്. ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ എന്തൊക്കെ ചെയ്യണം, ഏതെല്ലാം തരത്തിലാണ് ഇത് ഒഴിവാക്കാൻ കഴിയുന്നത് എന്നിവ സമഗ്രമായി ആലോചിക്കണം. നമ്മുടെ മലയോരപ്രദേശങ്ങളിൽ എന്തൊക്കെ കരുതൽ സ്വീകരിക്കേണ്ടതായിട്ടുണ്ടോ ആ ഭാഗം ആലോചിക്കാമെന്നല്ലാതെ ആളുകളെ മുഴുവൻ മാറ്റിപ്പാർപ്പിക്കാൻ പുറപ്പെട്ടാൽ ആലോചിക്കണം ഒരു ഭാഗം മുഴുവൻ ഇങ്ങോട്ടുവന്നാൽ അവർ എവിടെ താമസിക്കും; വല്ലാത്ത ഒരവസ്ഥയാകില്ലേ? അതു ആലോചിക്കാൻ കഴിയുന്ന കാര്യമല്ല. ഇവിടെ വയനാടുമായുള്ള ബന്ധം വിച്ഛേദിച്ചുപോയിയെന്ന് അദ്ദേഹം പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഒരു ശ്രദ്ധക്ഷണിക്കൽ വരുന്നുണ്ട്. ആ ഘട്ടത്തിൽ അതിനെക്കുറിച്ച് പറയാം. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കാര്യത്തിൽ ഫലപ്രദമായ നടപടികളുണ്ടാകും. ഇതുമായി ബന്ധപ്പെട്ട്

എന്തൊക്കെ നടപടികൾ ഉണ്ടാകേണ്ടതുണ്ടോ ആ നടപടികളൊക്കെ ഫലപ്രദമായിത്തന്നെ ഉണ്ടാകും. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ജില്ലകളിലെ കളക്ടർമാരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ചീഫ് സെക്രട്ടറിതലത്തിലും ഇതുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. മുഖ്യമന്ത്രി എന്ന നിലയ്ക്കും യോഗം പ്രത്യേകമായി ചേരുകയും കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഫലപ്രദമായ എല്ലാ നടപടികളും നമുക്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹമാകെ ഒറ്റക്കെട്ടായി നിന്നിട്ടുമുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, താമരശ്ശേരി കട്ടിപ്പാറയിൽ ഉരുൾപ്പൊട്ടി 13 പേർ മരിച്ചത് അതീവ ദുഃഖകരമായ സംഭവമാണ്. ആ സ്ഥലം സന്ദർശിച്ചതിനുശേഷം മുഖ്യമന്ത്രിയോട് ഫോണിൽ ഈ ദുരന്തത്തിന്റെ വ്യാപ്തി അറിയിക്കുകയും ചില സജഷൻസ് ഞാൻ

മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഒരാളിനെ ഇനിയും കണ്ടെത്താനുണ്ട്. ആ പ്രദേശത്തെ അഞ്ചുവീടുകളിൽ നാലും മണ്ണും പാറയും വീണ് മൂടിപ്പോയി. അഞ്ച് മിനിട്ട് നേരംകൊണ്ട് ഒന്നര കിലോമീറ്റർ പ്രദേശമാണ് പാറയും മണ്ണും വീണ് മൂടിയത്. വെളുപ്പിന് മൂന്നര മണിയോടെയാണ് കരിഞ്ചോലമലയിൽ വടക്കുഭാഗത്ത് ആദ്യത്തെ ഉരുൾപ്പൊട്ടൽ ഉണ്ടായത്. ഇതിന് പ്രധാനപ്പെട്ട കാരണം, ആ മലയുടെ മുകളിൽ........... അത് മന്ത്രി ഇവിടെ പറഞ്ഞില്ല, 4 ലക്ഷം ലിറ്റർ വെള്ളം സംഭരിക്കുന്ന ഒരു തടയണ കെട്ടി അവിടെ ഒന്നുരണ്ട് ആളുകൾ വെള്ളം സംഭരിച്ചിരിക്കുകയാണ്. ആ തടയണ പൊട്ടിയതോടുകൂടിത്തന്നെയാണ് ഉരുൾപ്പൊട്ടലും ഇതിന്റെ ഫലമായിട്ട് ഈ സംഭവമുണ്ടായത്. ആര് അനുവാദം നൽകിയിട്ടാണ് അവിടെ തടയണ കെട്ടിയത്? ഏത് ജില്ലാ ഭരണകൂടത്തിന്റെ അനുമതിയോടെയാണ് 4 ലക്ഷത്തിൽപ്പരം ലിറ്റർ വെള്ളം ആ മലയുടെ മുകളിൽ സംഭരിച്ചത്? ജില്ലാ കളക്ടർ അനുവാദം കൊടുത്തോ; റവന്യൂ വകുപ്പിൽനിന്ന് അനുവാദം നൽകിയോ? 4 ലക്ഷത്തിലധികം ലിറ്റർ വെള്ളം തടഞ്ഞുനിർത്തി ആ മലയിൽ സമ്മർദ്ദമുണ്ടായപ്പോഴാണ് ഉരുൾപ്പൊട്ടലുണ്ടായിയെന്നത് വിദഗ്ദ്ധർ പറയുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി, ഈ ദുരന്തനിവാരണ അതോറിറ്റിയൊരു

പൂർണ്ണ പരാജയമാണ്. ഓഖി ദുരന്തമുണ്ടായപ്പോൾ നമ്മൾ കണ്ടതും ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതും അതാണ്. വെളുപ്പിന് അഞ്ച് മണിക്കാണ് ഈ സംഭവമുണ്ടാകുന്നത്. ഒരു കുടുംബത്തിലെ എട്ടുപേരടക്കം പതിമൂന്നുപേർ മരിച്ചു. തൃശ്ശൂരിൽനിന്ന് ദുരന്തനിവാരണ സേന കോഴിക്കോടെത്താൻ നാല് മണിക്കൂർ എടുക്കുമെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. ഈ സന്ദർഭത്തിൽ അടിയന്തരമായി മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ആവശ്യപ്പെട്ടാൽ ഹെലികോപ്റ്റർ ലഭ്യമാക്കാൻ നേവിയും എയർഫോഴ്സും തയ്യാറാകും. എത്രയോ അനുഭവം നമ്മുടെ മുമ്പിലുണ്ട്. എന്തുകൊണ്ട് അരമണിക്കൂർകൊണ്ട് അവരെ എയർ ലിഫ്റ്റ് ചെയ്ത് ആ സ്ഥലത്ത് എത്തിക്കാൻ കഴിഞ്ഞില്ല? അത് ഗവൺമെന്റിന്റെയും മന്ത്രിയുടെയും വീഴ്ചയാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ ചെന്ന് മനസ്സിലാക്കിയ ഒരു കാര്യം ഇവിടെ പറഞ്ഞല്ലോ. അതിനൊരു വ്യക്തത ഉണ്ടാകേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ഞാൻ കഴിഞ്ഞ നാല് ദിവസങ്ങളായി അവിടെ ഉണ്ടായിരുന്നൊരാളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ സന്ദർശിക്കുന്ന സമയത്ത് കളക്ടറേറ്റിൽ ദുരന്തനിവാരണ സമിതിയുടെ

മീറ്റിംഗിൽ പങ്കെടുക്കേണ്ടതിനാലാണ് ഞാനവിടെ ഇല്ലാതിരുന്നത്. അങ്ങിവിടെ ചൂണ്ടിക്കാണിച്ച വിഷയം ഗൗരവമുള്ളതാണ്. ജലസംഭരണിയുടെ പ്രശ്നം സംബന്ധിച്ച് ഒരു പരാതിയും പഞ്ചായത്തിലോ വില്ലേജ് ആഫീസിലോ ഗവൺമെന്റിന്റെ മുന്നിലോ വന്നിരുന്നില്ല. അത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എന്നാൽ അതിന്റെ മുകൾ ഭാഗം വരെ ആളുകളെ അയച്ച് ഈ കാര്യങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, ജലസംഭരണി ഉണ്ടായിയെന്നു പറയുന്ന സ്ഥലത്തിന്റെ മുകൾഭാഗത്തുനിന്നാണ് ഇടിവ് വന്നിട്ടുള്ളത്. എല്ലാ വിഷയവും വിശദമായി പരിശോധിക്കാൻ തീരുമാനിച്ച് അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉരുൾ പൊട്ടാനുണ്ടായ ആഘാതത്തിന്റെ സാഹചര്യം എങ്ങനെവന്നുവെന്നുള്ളത് പരിശോധിക്കുന്നതിന് കോഴിക്കോട്ടുള്ള CWRDM-നെ പ്രത്യേകം ചുമതലപ്പെടുത്തി രണ്ടാഴ്ച്ചക്കകം റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അവിടെ സന്ദർശിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മന്ത്രി കളക്ടറേറ്റിൽ ഉണ്ടായിരുന്നു. ശ്രീ. എ. കെ. ശശീന്ദ്രനും മറ്റ് ഉദ്യോഗസ്ഥരുമെല്ലാം അവിടെ ഉണ്ടായിരുന്നു. നമ്മുടെ നാട്ടിൽ

നടക്കുന്നൊരു കാര്യമാണോ ഇത്? നാല് ലക്ഷത്തിലധികം ലിറ്റർ വെള്ളം ഒരു മലയുടെ മുകളിൽ സംഭരിച്ചിട്ട് അതിന് മുകളിൽ ഉരുൾപൊട്ടലുണ്ടായപ്പോൾ സ്വാഭാവികമായും ആ വെള്ളം തടയണ മുറിഞ്ഞ് താഴോട്ടുവന്നപ്പോഴാണ് ഈ ദുരന്തമുണ്ടായത്. റവന്യൂ വകുപ്പുമന്ത്രി ഈ കാര്യം മിണ്ടിയതേയില്ലല്ലോ. ഇപ്പോൾ തൊഴിൽ വകുപ്പുമന്ത്രിയാണല്ലോ പറഞ്ഞത്. അപ്പോൾ അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടിയാണോ, ജില്ലാ കളക്ടറുടെ അനുവാദത്തോടുകൂടിയാണോ..... .ഞാൻ പറഞ്ഞോട്ടെ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെ പറയുന്നതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ഇന്നലെ ആ സ്ഥലത്തുപോയപ്പോഴും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവിടെ സംസാരിച്ചപ്പോഴും വാർത്താമാധ്യമങ്ങളൊക്കെ ഈ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചപ്പോഴും അതുസംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ നിർദ്ദേശവും ആ നിർദ്ദേശത്തെ തുടർന്ന് നടക്കാൻ പോകുന്ന അന്വേഷണവും അന്വേഷണത്തിന്റെ റിപ്പോർട്ടും വരുന്ന മുറയ്ക്ക് തുടർ നടപടികളുണ്ടാകുമെന്ന കാര്യവുമെല്ലാം ചൂണ്ടിക്കാണിച്ചിരുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുപോലെതന്നെയാണ് ഞാൻ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല, ഒരു ജനപ്രതിനിധിയുടെ വാട്ടർ തീം പാർക്കിലും ഉരുൾ പൊട്ടലുണ്ടായി, ഉരുൾപൊട്ടലുണ്ടായിട്ടും റവന്യൂ വകുപ്പുമന്ത്രി ഇതൊന്നും മിണ്ടുന്നില്ലല്ലോ. നമ്മുടെ ദുരന്തനിവാരണ അതോറിറ്റിയൊരു വൻ പരാജയമാണ്. രണ്ടായിരം കോടി രൂപയാണ് ദുരന്തനിവാരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ നൽകുന്നത്. ഇവിടെ എന്താണ് ചെയ്യുന്നത്? Mr. E. Chandrasekharan, you are a big failure. എനിക്ക് പറയാതിരിക്കാൻ കഴിയില്ല. രണ്ടായിരം കോടി രൂപ കിട്ടിയിട്ടും ആ രൂപകൊണ്ട് ആസ്ഥാന മന്ദിരം നിർമ്മിക്കുകയാണിവിടെ. അതാണോ ഇവിടെ വേണ്ടത്. കുറ്റകരമായൊരു അനാസ്ഥയാണ് ഈ കാര്യത്തിലുള്ളത്. രാസ ദുരന്തം, കാലാവസ്ഥാ ദുരന്തം, ആണവ ദുരന്തം, മറ്റ് ദുരന്തങ്ങൾ എന്നിവയുടെ.......

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ കാല ഗവൺമെന്റിലെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളൊക്കെ വഹിച്ച, ആഭ്യന്തര വകുപ്പുമന്ത്രിയുമൊക്കെ ആയിരുന്ന ആളാണ്. ദുരന്തനിവാരണ ഫണ്ട് കേന്ദ്രം അനുവദിക്കുന്നതും അനുവദിച്ചാൽ ആ ഫണ്ട് എങ്ങനെ വിനിയോഗിക്കണമെന്നതും ഏതിനെല്ലാം ഏതളവിൽ

വിനിയോഗിക്കണമെന്നുമുള്ള പൊതുവായൊരു നോംസ് നിലനിൽക്കുന്ന സാഹചര്യത്തിൽ അതിൽനിന്ന് വിട്ട് ഏതെങ്കിലും തരത്തിൽ ആ ഫണ്ട് വിനിയോഗിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ സഭയേയും സമൂഹത്തേയും ആകെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾക്കൊരു അടിസ്ഥാനവുമില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രത്തിന്റെ നോംസ് ഉണ്ടാകും. അത് സ്വാഭാവികമാണ്. പക്ഷെ ഇവിടെ ആസ്ഥാന മന്ദിരമുണ്ടാക്കുന്നതിനെക്കാൾ കൂടുതൽ ഗൗരവത്തോടുകൂടി ഓരോ ജില്ലകളിലും ദുരന്തനിവാരണ അതോറ്റിയുടെ പ്രവർത്തനം ഉണ്ടാകണം. ഓഖി ദുരന്തമുണ്ടായപ്പോൾ ദുരന്ത നിവാരണ അതോറിറ്റി എവിടെയായിരുന്നു; അതിന്റെ ഘടന എന്താണ്? മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന എക്സ്ഒഫിഷ്യോ അംഗങ്ങൾ മാത്രമേയുള്ളൂ. ഇതിനകത്ത് വിദഗ്ദ്ധനായ ഒരു വ്യക്തിപോലുമില്ല എന്നത് നമ്മൾ കാണണം. ദുരന്തനിവാരണ കേന്ദ്രത്തിന്റെ പരിശീലനം വേണമെന്ന കാര്യം ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതൊന്നും ശരിയല്ല. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാനൊന്ന് പറഞ്ഞോട്ടെ, ഇങ്ങനെയാണെങ്കിൽ ചർച്ച ചെയ്യാം, മന്ത്രി അനുവദിക്കുകയാണെങ്കിൽ ചർച്ച ചെയ്യാം. ഞാൻ എത്രതവണ വഴങ്ങണം? എനിക്ക് പറയാനുള്ളത് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വളരെ ഗുരുതരമായൊരു പ്രശ്നം പറഞ്ഞു. മുൻകൂട്ടി ഈ കാര്യങ്ങൾ കാണാൻ എങ്ങനെ കഴിയും എന്നാണ് അദ്ദേഹം ചോദിച്ചത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുണ്ട്. വിദഗ്ധരായ രണ്ട് അംഗങ്ങൾ ഉണ്ടാകണമെന്നുതന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ആ രണ്ട് അംഗങ്ങളോടുകൂടിയുള്ള കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. അങ്ങ് പറഞ്ഞ തടയണ പ്രശ്നം അന്വേഷിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർ, CWRDM ഡയറക്ടർ, സോയിൽ കൺസർവ്വേഷൻ ഡിസ്ട്രിക്ട് ഓഫീസർ, ജിയോളജിസ്റ്റ്, പഞ്ചായത്ത് സെക്രട്ടറി എന്നീ ആളുകൾ അടങ്ങുന്നൊരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മൾ കാണാതായ ബോഡി കണ്ടെത്താനുള്ള ശ്രമമാണല്ലോ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ അവിടെ മേലോട്ട് കയറാനും കുറച്ച് വിഷമമുണ്ടാകും. അന്വേഷണം ത്വരിതഗതിയിൽതന്നെ പൂർത്തിയാക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുഖ്യമന്ത്രി പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളൊരു കാര്യമാണ്. ഇതിനെപ്പറ്റി അന്വേഷണം നടത്തുമെന്ന് പറഞ്ഞു. ആരാണ് അനുമതി കൊടുത്തത്. അവിടെയാണ് ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം. അതിനെപ്പറ്റി അന്വേഷിക്കട്ടെ. ദുരന്തം എവിടെയെല്ലാം ഉണ്ടാകുമെന്നതിനെക്കുറിച്ച് നമുക്ക് അറിയില്ലല്ലോയെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കണം. വി. എസ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ റവന്യൂ വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ ഉരുൾ പൊട്ടൽ സാധ്യതാ ഭൂപടം ഉണ്ടാക്കിയിരുന്നു. ഈ ഭൂപടം ദുരന്തനിവാരണ അതോറിറ്റിക്ക് പരിശോധിച്ചുകൂടെ? 2016-ൽ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്ത സാധ്യതാ ഭൂപടം.....

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): മൈക്ക് ഓഫ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഇല്ല ഞാൻ വഴങ്ങുന്നില്ല. xxxxxxxxx[+]............ (ബഹളം)..............ഞാൻ വഴങ്ങുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങനെ പറയേണ്ടിയിരുന്നില്ല. പ്ലീസ്.... പ്ലീസ്..... (ബഹളം)..........

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിശോധനയിലാണ്

ശ്രീ. രമേശ് ചെന്നിത്തല: സർ, ദുരന്ത സാധ്യതാ ഭൂപടം അതിന്റെ അളവിലെ കുഴപ്പങ്ങൾകൊണ്ടുതന്നെ കൃത്യതയില്ലാതായി. ............. (ബഹളം)....... ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ സാധ്യതാ പഠനം .....(ബഹളം)..... എന്നാൽ പിന്നെ അവർ സംസാരിക്കട്ടെ. അങ്ങ് അവരെ നിയന്ത്രിക്കാത്തതെന്താണ്?

മി. സ്പീക്കർ : XXXXXXXXX+ അങ്ങ് പറഞ്ഞത് ശരിയായില്ല. ......... (ബഹളം).......... ആരെങ്കിലും ഒരാൾ എഴുന്നേറ്റ് നിന്ന് പറയൂ. എല്ലാപേരുംകൂടി ബഹളം വച്ചാൽ ഒന്നും കേൾക്കില്ല. ആരാണ് സംസാരിക്കുന്നത്? ............ (ബഹളം).......... ശ്രീ. വി. എസ്. സുനിൽ കുമാർ സംസാരിക്കൂ. ............. (ബഹളം).........

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ ) : സർ, .......... (ബഹളം)..........

മി. സ്പീക്കർ: ക്രമപ്രശ്നം ഉന്നയിക്കുകയാണ്. പോയിന്റ് ഓഫ് ഓർഡറാണ്. ............(ബഹളം).......... ഒരാൾ സംസാരിക്കട്ടെ. നിങ്ങൾ ഇരിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കോഴിക്കോട് ജില്ലയിൽ നടന്ന

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിശോധനയിലാണ്

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെല്ലാം മന്ത്രിയെന്ന നിലയിൽ നേതൃത്വം കൊടുത്ത ആളാണ് ശ്രീ. എ. കെ. ശശീന്ദ്രൻ മിനിസ്റ്റർ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ മിനിസ്റ്റർ എണീറ്റുനിന്ന സമയത്ത് XXXXXXX+ പറഞ്ഞത് ഓർഡറിലല്ല. അത് നീക്കം ചെയ്യേണ്ടതാണ്.........(ബഹളം)......

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ......(ബഹളം)...........പ്ലീസ്.... പ്ലീസ്.... പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ബഹുമാനപ്പെട്ട സ്പീക്കർ ഞാൻ എത്ര തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും വഴങ്ങി. ഓരോ മന്ത്രിയും എഴുന്നേറ്റ് ഇങ്ങനെ ചോദ്യം ചോദിച്ചാൽ ഞാൻ എന്ത് ചെയ്യും. ഞാൻ വഴങ്ങിയതാണ്. ഞാൻ എത്ര തവണ വഴങ്ങി. *** .....(ബഹളം)..... ** ....(ബഹളം)..... ** എനിക്ക് പറയാനുള്ളത് ദുരന്ത നിവാരണത്തെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളോടൊപ്പം ദുരന്തമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ പഠനവും നടക്കണം. ഇതിന്റെ ഭൂപടമുണ്ട്. ആ ഭൂപടം

---
\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിശോധനയിലാണ്

* ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്.

വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ 2016-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ ദുരന്ത സാധ്യതാ ഭൂപടം പരിഷ്കരിക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുവരുന്നില്ല. വളരെ ഗൗരവതരമായ പ്രശ്നമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദുരന്ത നിവാരണ അതോറിറ്റിയുടെ ഓഫീസ് നിർമ്മിക്കുന്നതിനെപ്പറ്റി പറഞ്ഞല്ലോ, യഥാർത്ഥത്തിൽ അത് State Emergency Operations Center കൂടിയാണ്. അത് സംസ്ഥാനത്തിന്റെ മാത്രം ഒരു കേന്ദ്രമായല്ല പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ അത് തുടങ്ങിയതെന്നാണെന്ന് അങ്ങേയ്ക്ക് അറിയാം, 2015-ൽ അതിന് തുടക്കമുണ്ടായി. അങ്ങയുടെ ഗവൺമെന്റാണ് അതിന് ഭരണാനുമതി നൽകിയിരുന്നത്. അത് അങ്ങ് മറന്നുപോയതുകൊണ്ടാണ്. ഇതൊരു ആവശ്യമാണ്. ആവശ്യമായ കാര്യമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഞാൻ ഇവിടെ ഉന്നയിച്ച കാര്യമെന്താണ്, പ്രയോറിറ്റി ഏതിനാണ്? ജില്ലകളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാണ് പ്രയോറിറ്റിയുണ്ടാകേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി

പറഞ്ഞത്,... ഓഖി ദുരന്തമുണ്ടായപ്പോൾ റവന്യൂ വകുപ്പുമന്ത്രി എവിടെയായിരുന്നു. ഇത്രയും ആളുകൾ മരിച്ചപ്പോൾ രണ്ട് മന്ത്രിമാർ പോയല്ലോ, ശ്രീ. കടകംപള്ളി സുരേന്ദ്രനും, ശ്രീമതി മേഴ്സിക്കുട്ടി അമ്മയും അവിടെയുണ്ടായിരുന്നല്ലോ, റവന്യൂ വകുപ്പുമന്ത്രി എവിടെയായിരുന്നു? നോ..നോ... അതൊന്നും നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഞാൻ ഇവിടെ പറഞ്ഞത്, കോഴിക്കോട് കട്ടിപ്പാറയിലെ ദുരന്തം എന്നുപറയുന്നത് it is a man made disaster. ഈ സംഭവം ഗൗരവത്തോടെ എടുക്കാത്തതുകൊണ്ടുണ്ടായ ദുരന്തമാണ്. നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് ഏഴ് ജില്ലകളിൽ മഴക്കെടുതിയുണ്ടായി, വ്യാപകമായ നഷ്ടം ഉണ്ടാകുന്നു. ഇവിടെ കടലാക്രമണത്തെപ്പറ്റി പറഞ്ഞു, ഈ ഗവൺമെന്റ് വന്നശേഷം ഏതെങ്കിലും കടലോരങ്ങളിൽ ഒരു കല്ലിട്ടിട്ടുണ്ടോ? അങ്ങയുടെ മണ്ഡലമായ പൊന്നാനി ഉൾപ്പെടെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണ നിരോധന പ്രവർത്തനം നടന്നിട്ടില്ല. ഒന്നും നടന്നിട്ടില്ല. ഇറിഗേഷൻ വകുപ്പുമന്ത്രി പറയും കല്ലുവയ്ക്കാനാളില്ലെന്ന്. അങ്ങനെയുള്ള ആളുകളെ കണ്ടെത്തണം, അല്ലെങ്കിൽ ഗവൺമെന്റ് ചെയ്യണം. ഇന്ന് തീരപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ചെറുതല്ല. കടലാക്രമണ ഭീഷണിമൂലം അറപ്പൻ കടൽ വന്ന് ഭൂമി

മുഴവൻ എടുത്തുകൊണ്ടുപോകുന്ന സ്ഥിതിയാണിന്നുള്ളത്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയുന്നില്ല. സൗജന്യ റേഷൻ എന്നു പറഞ്ഞു, എവിടെയാണ് സൗജന്യ റേഷൻ ലഭിക്കുന്നത്. ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിൽ കിട്ടിയിട്ടില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ തന്നെ ഉദ്യോഗസ്ഥരെ ശാസിച്ചു. കാരണമെന്താണ്, പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇത് ഗൗരവമായി നമ്മൾ കാണേണ്ട കാര്യമാണ്. ഇതിൽ രാഷ്ട്രീയമല്ല, ആളുകളുടെ ജീവന്റെ പ്രശ്നമാണ്. ജനങ്ങളുടെ പ്രശ്നമാണ്. ദുരന്ത നിവാരണ അതോറിറ്റിയെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നമ്മുടെ നാട്ടിലുണ്ടാകുന്ന ദുരന്തങ്ങളെ തടയാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അതിന് തയ്യാറായില്ലെന്നതാണ് ഇവിടുത്തെ മുഖ്യമായ പ്രശ്നം. കട്ടിപ്പാറയിൽ ദുരന്തമുണ്ടായപ്പോൾ ഏറ്റവും കൂടുതൽ സഹായിച്ചത് നാട്ടുകാരാണ്. ഞാൻ അവരെ അഭിനന്ദിക്കുന്നു. നാട്ടുകാരും സാമൂഹ്യ സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമാണ് അവിടെ ഏറ്റവും നല്ല പ്രവർത്തനം നടത്തിയത്. ഓരോ സ്ഥലത്തെയും പറ്റി പ്രാദേശികമായ അറിവുകൾ നാട്ടുകാർക്കുള്ളതുപോലെ മാറ്റാർക്കുമുണ്ടാകില്ല. ദുരന്ത നിവാരണ വികേന്ദ്രീകൃത സംവിധാനങ്ങൾക്കാണ് പ്രസക്തി. ദുരന്തമുണ്ടാകാൻ

സാധ്യതയുള്ള സ്ഥലങ്ങളിൽ നാട്ടുകാരെക്കൂടി കൂട്ടിക്കൊണ്ടുള്ള സംവിധാനമൊരുക്കാൻ തയ്യാറാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ പ്രസ്താവന ആരോ എഴുതിക്കൊടുത്ത പ്രസ്താവനയാണ്. ഈ കാര്യങ്ങളിലൊന്നും യാതൊരു വ്യക്തതയുമില്ല. കോഴിക്കോട് ജില്ലാ കളക്ടർ നല്ല പ്രവർത്തനം കാഴ്ച വച്ചു. അക്കാര്യം ഞാൻ അംഗീകരിക്കുന്നു. മറ്റ് പല ജില്ലകളിലും യാതൊന്നും നടക്കുന്നില്ല. കൃഷിയുടെ കാര്യം പറഞ്ഞു, കൃഷി വകുപ്പുമന്ത്രി ഇവിടെ ഉറഞ്ഞു തുള്ളിയല്ലോ, കേരളത്തിൽ കഴിഞ്ഞ തവണ കൃഷി നാശം സംഭവിച്ചതിന്റെ പണം ഇതുവരെ കൊടുത്തിട്ടില്ല. പല സ്ഥലങ്ങളിലും കൊടുത്തിട്ടില്ല. ദീപിക പത്രത്തിന്റെ എഡിറ്റോറിയലുണ്ട്. കഴിഞ്ഞ തവണ കൃഷിനാശം സംഭവിച്ച പല കൃഷിക്കാർക്കും ആനുകൂല്യങ്ങൾ കിട്ടിയില്ല. ഇതാണോ സർക്കാർ ചെയ്യേണ്ടത്? ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഗവൺമെന്റ് ലാഘവ ബുദ്ധിയോടുകൂടി കാണുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി).

<u>ഡോ. എം. കെ. മുനീർ</u>: സർ, അങ്ങേയറ്റം ദയനീയമായ അവസ്ഥയാണ് താമരശ്ശേരി, കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലമല എന്ന പ്രദേശം സന്ദർശിച്ചാൽ കാണാൻ കഴിയുന്നത്. സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന റാഫി തിരിച്ചെത്തിയിട്ടുണ്ട്. റാഫിയുടെ കുടുംബത്തിൽ ആരും അവശേഷിക്കുന്നില്ല. അവിടുത്തെ മഴ പെയ്തൊഴിഞ്ഞാലും റാഫിയുടെ കണ്ണീര് പെയ്തൊഴിയില്ലെന്നാണ് അദ്ദേഹത്തെ സംബന്ധിച്ച് ആ ദുരന്ത ഭൂമിയിൽ മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ കുറേ കാര്യങ്ങൾ നമ്മൾ ചെയ്തു. അവിടുത്തെ മന്ത്രിയും കളക്ടറും മുൻകയ്യെടുത്ത് കുറേ കാര്യങ്ങൾ അവിടെ ചെയ്തു. പക്ഷെ നമുക്കുള്ള പ്രശ്നം, നമ്മൾ ഇതുപോലുള്ള ദുരന്തങ്ങൾക്കുശേഷമുള്ള പ്രതികരണം എന്ന നിലയിലല്ലാതെ ഇതൊക്കെ വരുമെന്ന് എത്രയോ തവണ മനസ്സിലാക്കിയിട്ടും അതിലേയ്ക്ക് ഒരു ചുവട് മുന്നോട്ട് വയ്ക്കാൻ സാധിച്ചിട്ടില്ലെന്നതാണ്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ പലതും ശരിയല്ലെന്ന് നമ്മൾ പറയുകയായിരുന്നു. 'നമ്മൾ എത്രയോ പിന്നിലെന്നുള്ള' ഡോ. കെ. ജി. താര എഴുതിയ ലേഖനം അങ്ങ് വായിക്കണം. അങ്ങേയ്ക്ക് അറിയാമല്ലോ ഡോ. കെ. ജി. താര ആരാണെന്ന്? സി.പി.ഐ.യുടെ നേതാവായ കെ.

ഗോവിന്ദപ്പിള്ളയുടെ മകളാണ്. അവർ ദുരന്ത നിവാരണ കേന്ദ്രത്തിന്റെ മുൻ മേധാവിയുമായിരുന്നു. അവർ പറഞ്ഞിട്ടുള്ള കാര്യമെങ്കിലും അങ്ങ് അംഗീകരിക്കുമെങ്കിൽ ഇവിടെ പറഞ്ഞ ഒരു കാര്യവും അങ്ങേയ്ക്ക് നിഷേധിക്കുവാൻ സാധിക്കുകയില്ല. അവർ പറഞ്ഞിട്ടുള്ളത്, കേന്ദ്രത്തിനു വേണ്ടിയല്ല നമ്മൾ മുൻകയ്യെടുക്കേണ്ടത്. ഇതിനെ വികേന്ദ്രീകരിക്കണം. കേന്ദ്രീകൃതമായിട്ടല്ല ദുരന്ത നിവാരണത്തെ നേരിടേണ്ടത്. 13 പേരെ പുറത്തെടുക്കുന്നതിന് നാട്ടുകാരാണ് മുൻകയ്യെടുത്തത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ, അല്ലാതെ ദ്രുതകർമ്മ സേനയോ മറ്റ് സേനയോ ഒന്നും വന്നിട്ടല്ല. അതൊക്കെ എപ്പോഴാണ് വരുന്നത്. ഇതെല്ലാം കഴിഞ്ഞതിനുശേഷം വന്നിട്ടെന്താണ് കാര്യം. സത്യത്തിൽ ജില്ലാ തലത്തിൽ ദുരന്ത നിവാരണ കേന്ദ്രങ്ങളുണ്ടാകണം. കോഴിക്കോട്ടും വയനാട്ടും ദുരന്തമുണ്ടായാൽ നിങ്ങൾക്ക് മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് ഓടിയെത്താൻ സാധിക്കില്ലെന്ന് ഡോ. താര എഴുതിയിരിക്കുന്നു. നിങ്ങൾ ഭൂപടമുണ്ടാക്കുമ്പോൾ സാധ്യതകളുള്ള പ്രദേശം പ്രത്യേകിച്ച് വയനാട്ടും കോഴിക്കോട്ടും നിരന്തരമായി ഭൂകമ്പങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതുപോലെ മലവെള്ള പാച്ചലിൽ എത്രയോ വീടുകൾ എപ്പോഴും തകർന്നുകൊണ്ടിരിക്കുന്ന പ്രദേശമാണിത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്

ശരിയാണ്. അവിടെ തടയണപോലെയുള്ള ഒരു ജലസംഭരണിയുണ്ടാക്കിയിട്ടുണ്ട്. ആ ജലസംഭരണിയിൽ നിന്നാണോ, അതല്ല അതിനുമുകളിൽ നിന്നുള്ള പാറപൊട്ടിച്ചതിൽ നിന്നാണോ, പാറപൊട്ടിക്കുന്നതുകൊണ്ടുണ്ടാകുന്ന വിള്ളലിൽ നിന്ന് വരുന്ന വെള്ളം ഇറങ്ങിവന്ന് അതിലൂടെ പാറ ഒലിച്ചിറങ്ങിയിട്ടാണ് ഇത്തരത്തിലുള്ള ദുരന്തങ്ങളുണ്ടാകുന്നതെന്ന് ഈ വിദഗ്ദ്ധ ലേഖനത്തിൽ പറയുന്നു. അങ്ങനെയാണെങ്കിൽ ഇത് man made disaster തന്നെയാണ്. Man made disaster ആണെങ്കിൽ ഉടനെ തന്നെ അന്വേഷണം നടത്തി ആരാണ് കുറ്റക്കാർ എന്ന് കണ്ടെത്തി ഇത് ആവർത്തിക്കാതിരിക്കാൻ ഉടൻ നടപടിയെടുക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അന്വേഷണം ഏത് തലത്തിലാണെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അത് ചെറിയ തലത്തിലുള്ള അന്വേഷണമല്ല. ഏത് കൊമ്പൻമാരാണെങ്കിലും ഏത് രാഷ്ട്രീയമാണെങ്കിലും, അതിൽ ഒരു രാഷ്ട്രീയവും നോക്കണ്ട. ദുരന്തം ഉണ്ടാക്കുന്ന, മനുഷ്യനെ കൊന്നൊടുക്കുന്ന ക്രിമിനൽ പ്രവൃത്തികൾ ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ഏത് അളവുവരെ വേണമെങ്കിലും പോകണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

അതുപോലെ പ്രാദേശികമായി ജനങ്ങളെ സജ്ജമാക്കുന്നതിനുള്ള ഒരു തീരുമാനമുണ്ട്. പ്രാദേശികമായുള്ള തദ്ദേശീയ കർമ്മസേനയുണ്ടാക്കണമെന്നാണ് - community based disaster preparedness എന്നാണ് പറയുന്നത്. പ്രാദേശികമായ ആളുകൾ കൈകാര്യം ചെയ്തതിനെപ്പറ്റി അങ്ങ് പറഞ്ഞല്ലോ, അപ്പോൾ വേറെയൊന്നും വേണ്ടേ എന്ന്. വേണം, പക്ഷെ അതിനെക്കാൾ പ്രധാനം, പ്രാദേശികമായി ആളുകൾക്ക് ഒരു പ്രിപ്പയർഡ്നെസിലൂടെ ഡിസാസ്റ്റർ മാനേജ് ചെയ്യാൻ..., അവർക്ക് അറിയുന്നതുപോലെ ആ സ്ഥലത്തെക്കുറിച്ച് വേറെയാൾക്ക് അറിയില്ല, എവിടെ; എന്ത്; എന്ന് അറിയുന്നത് പ്രാദേശിക ആളുകൾക്കാണ്. അതാണ് നമുക്ക് അവിടെ കാണാൻ സാധിച്ചത്. അതുപോലെ ഹെലികോപ്ടർ..., മൂന്നു മണിക്കൂർ എടുത്തുവെന്ന് പറഞ്ഞുകഴിഞ്ഞാൽ, കാറിൽ പോയാൽ തന്നെ തൃശ്ശൂരിൽ നിന്നും കോഴിക്കോടെത്താൻ രണ്ടു മണിക്കൂറേയുള്ളൂ. അതുകൊണ്ട് ഇത്തരത്തിലുള്ള ചെറിയ കാര്യങ്ങളൊന്നും പറഞ്ഞ്..., ആളുകൾക്ക് ഇതെല്ലാം അറിയുന്നതാണ്. ചുറ്റുമുള്ളത് ഇതെല്ലാം വായിക്കുന്നയാളുകളാണ്. അതുകൊണ്ട് ദയവുചെയ്ത് അങ്ങ് അതൊന്നും പറയരുത്. അതുപോലെ തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള അതോറിറ്റിയെക്കുറിച്ച് പറഞ്ഞു. അതിൽ വിദഗ്ധരുണ്ടെന്ന്

പറഞ്ഞു, വൈദഗ്ധ്യം ഏതിലാണ്? ദുരന്തം നേരിടുന്നതിലുള്ള യഥാർത്ഥ വൈദഗ്ധ്യം, അത് ആണവ ദുരന്തമായാലും രാസദുരന്തമായാലും പ്രകൃതി ദുരന്തമായാലും ഏത് ദുരന്തത്തെയും നേരിടാൻ പറ്റുന്ന എക്സ്പെർട്ടായിരിക്കണം.

മി. സ്പീക്കർ: അടിയന്തരപ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള വാക്കൗട്ട് സ്പീച്ചാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഡോ. എം. കെ. മുനീർ: വലിയ പ്രാധാന്യമുള്ളതും കോഴിക്കോട്ട് ജില്ലയിലേതായതുകൊണ്ടും പറയുന്നതാണ്.

ഇപ്പോൾ അവിടെ പതിമൂന്നുപേരെ കണ്ടെടുത്തു. ഇതിൽ ഒരാൾ അവശേഷിക്കുന്നുണ്ട്. ഗ്രൗണ്ട് പെനട്രേഷൻ റഡാർ (GPR) എന്നു പറയുന്ന ഒരു ഉപകരണം ഗവൺമെന്റിന്റേതല്ലാതെ ഹൈദരാബാദിൽ നിന്നും കൊണ്ടുവന്നിട്ടുണ്ട്. അത് കൊണ്ടുവന്നിട്ട് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ; ഒരാളെ കിട്ടാൻ ഇതുകൊണ്ട് കഴിഞ്ഞോ എന്നുള്ളത് അങ്ങയുടെ മറുപടിയിലൊന്നും ഞങ്ങൾ കേട്ടില്ല. ജി.പി.ആർ. ഉപയോഗിച്ച് അവശേഷിക്കുന്ന ആ ബോഡി എന്തുകൊണ്ട് എടുക്കാൻ പറ്റുന്നില്ല എന്നുള്ളതൊക്കെ അങ്ങ് പറയേണ്ടതായിരുന്നു. അങ്ങ് ഇതൊന്നും പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയാണ്

കുറച്ചുകാര്യങ്ങളെങ്കിലും പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് മറുപടി പറയുമ്പോൾ കുറച്ചുകൂടി പ്രിപ്പയർഡായിരിക്കണം. കാരണം ഇത് ആളുകൾ അറിയാൻ ആഗ്രഹിക്കുന്ന കാര്യമാണ്. ഇപ്പോൾ തന്നെ വയനാട്ടിലേയ്ക്ക് പോകാൻ സാധിക്കുന്നില്ല. ആ ചുരം കട്ടായിപ്പോയിരിക്കുന്നു. ഞങ്ങൾ അവിടെയും ചെന്നു. വലിയ അപകടകരമായ അവസ്ഥയിലാണ്. അങ്ങോട്ടേയ്ക്ക് പോകേണ്ട ആളുകളുടെ യാത്രാസൗകര്യം ഇനിയും തടയാൻ പാടില്ല എന്നുള്ളതുകൂടി അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയത്തിൽ വേണ്ടത്ര ഗൗരവം....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആധുനികമായ എന്തെങ്കിലും സംവിധാനങ്ങൾ ഇക്കാര്യത്തിൽ ഉപയോഗിച്ചോ എന്ന് അങ്ങ് ചോദിച്ചു. യഥാർത്ഥത്തിൽ ഗ്രൗണ്ട് പെനട്രേഷൻ റഡാർ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുതന്നെയാണ് അവിടെ പ്രവർത്തനം നടത്തിയത്. അത് ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യമായിട്ടാണ് ഈ പറയുന്ന റഡാർ സംവിധാനം ഇത്തരമൊരു സംഭവത്തിൽ ഉപയോഗിക്കുന്നത്. അങ്ങനെയൊരു ഘട്ടം വന്നപ്പോൾ അത് ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: അത് വന്നു. പക്ഷെ അതിനു മുമ്പ് 13 പേരെ

കണ്ടെടുത്തു. ജി.പി.ആർ വന്നതിനുശേഷം എന്തെങ്കിലും ചെയ്യാൻ പറ്റിയോ എന്നുള്ള സംശയമാണ് ഞാൻ ചോദിച്ചത്. മുഖ്യമന്ത്രി വരെ അതിനെപ്പറ്റി പറഞ്ഞു. പക്ഷെ റവന്യൂ വകുപ്പുമന്ത്രിയിൽ നിന്നും ഇതൊന്നും കേട്ടില്ല എന്നുള്ളതാണ്. അതുകൊണ്ട് അങ്ങ് ഞങ്ങൾ പറഞ്ഞത് കേൾക്കണം. ഗോവിന്ദപിള്ളയുടെ മകൾ പറഞ്ഞതെങ്കിലും കേട്ടിട്ട് ഇക്കാര്യങ്ങളൊക്കെ നടപ്പിലാക്കാനുള്ള ശ്രമം നടത്തി എത്രയും പെട്ടെന്ന് ഈ കേരളത്തെ....., ഭൂപടം ഇനിയുണ്ടാക്കുമ്പോൾ പ്രാദേശിക ഭൂപടമുണ്ടാക്കണം. ആ ഭൂപടത്തിൽ മാത്രമേ നമുക്ക് ഏറ്റവും വൾണറബിളായിട്ടുള്ള പ്രദേശം കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ കണ്ടുപിടിച്ച് അവിടെ മുൻകരുതലുകൾ എടുക്കാൻ കഴിയണം, അല്ലാതെ എല്ലാം കഴിഞ്ഞ് കെട്ടിപ്പിടിച്ച് കരയുന്നതിനുപകരം അതിനെ ചെറുത്തു തോല്പിക്കുന്നതിനുവേണ്ടി ശ്രമിക്കണം. അതുപോലെ പരിസ്ഥിതി പ്രശ്നങ്ങൾ, ഇവിടെയെല്ലാം വാട്ടർ തീം പാർക്ക് അടക്കം പാടില്ല എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ ആരെങ്കിലും വാട്ടർ തീം പാർക്കുണ്ടാക്കി അതിലൂടെ ദുരന്തമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അവരെയടക്കം നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട്, ഇതൊന്നും ചർച്ച ചെയ്യാൻ

തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദുരന്തനിവാരണ രേഖയനുസരിച്ച് പത്ത് താലൂക്കുകൾ ഉരുൾപ്പൊട്ടൽ സാധ്യതയുള്ളതാണ്. മിതസാധ്യതയുള്ള 25 താലൂക്കുകൾ കൂടിയുണ്ട് എന്നുള്ള രേഖ സർക്കാരിന്റെ കൈവശമുണ്ട്. വാസ്തവത്തിൽ ഇത്തരത്തിലുള്ള അറിവുണ്ടായിട്ടും ആവശ്യമായ മുൻകരുതൽ എടുക്കാൻ സാധിച്ചില്ലെന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. മൺസൂൺ തുടങ്ങുന്നതിന് മുൻപുതന്നെ മുൻകരുതൽ എടുക്കേണ്ടതായിരുന്നു. ഏതായാലും ഞാൻ കൂടുതലൊന്നും പറയുന്നില്ല. രാവിലെയുണ്ടായ സംഭവത്തിൽ വൈകുന്നേരമാണ് ദുരന്ത നിവാരണ അതോറിറ്റി അധികൃതർ എത്തിയത്. എത്രയോ വലിയ കഷ്ടമാണ്. കാലതാമസമുണ്ടായി എന്നുള്ളത് വാസ്തവത്തിൽ അക്ഷന്തവ്യമായ കുറ്റമാണ്. അതിനെപ്പറ്റി കൂടുതലായി ഒന്നും പറഞ്ഞിട്ട് കാര്യമില്ല. ഗവൺമെന്റിന്റെ ഭാഗത്ത് വളരെ വലിയ ഉദാസീനതയുണ്ട്. ഏതായാലും ഇവിടെ ദുരന്ത

നിവാരണ അതോറിറ്റി പ്രവർത്തിക്കണമെന്ന് പറഞ്ഞു. ഏറ്റവും വലിയ അതോറിറ്റി മുഖ്യമന്ത്രിയാണ്. ഇത്ര ദാരുണമായ, 14 പേർ മരിച്ച, അനേകായിരം വീടുകൾ നഷ്ടപ്പെട്ട പ്രസ്തുത സ്ഥലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിക്കണം. സ്ഥലം സന്ദർശിച്ച് അവിടെയുള്ള ആളുകൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യണം. വസ്തുവകകൾ പോയവർ, കൃഷി പോയവർ,... രണ്ട് മന്ത്രിമാർ അവിടം സന്ദർശിച്ചിട്ടുണ്ടെന്ന് എനിക്കറിയാം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): അവിടെ നടന്ന എല്ലാ ദുരന്ത നിവാരണ പ്രവർത്തനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്. അദ്ദേഹം നിർദ്ദേശിച്ചതിൻ പ്രകാരമാണ് ഞങ്ങൾ അവിടെ കേന്ദ്രീകരിച്ച് നിന്നത്. അദ്ദേഹം വീഡിയോ കോൺഫറൻസിംഗിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ പങ്കാളിത്തം അവിടെ ഉണ്ടായിട്ടുണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഇരുന്നുകൊണ്ട് ഇങ്ങനെ നിർദ്ദേശങ്ങൾ നൽകിയെന്നുള്ളത് ശരിയാണ്. അത്

സ്വാഭാവികമാണ്. പക്ഷെ ഇത്രയധികം ദുരന്തമുണ്ടായ സ്ഥലം കേരളത്തിന്റെ മുഖ്യമന്ത്രി സന്ദർശിച്ചാൽ അവിടുത്തെ ആളുകൾക്കൊക്കെ എത്ര വലിയ ആശ്വാസമാകുമായിരുന്നു. അവർക്ക് എന്തെല്ലാം കാര്യങ്ങൾ കാണും, രണ്ട് സഹമന്ത്രിമാർ പോകുന്നതുപോലെയാണോ മുഖ്യമന്ത്രി പോകുന്നത്? എത്രയോ വലിയ അധികാരമുണ്ട്. അവർക്ക് ചെയ്യേണ്ട കാര്യങ്ങളൊക്കെ ശക്തമായി ചെയ്യാൻ മുഖ്യമന്ത്രിയുടെ സന്ദർശനം ഉപകരിക്കും. അതുകൊണ്ട് മുഖ്യമന്ത്രി അവിടം സന്ദർശിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. എന്തായാലും പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത..., ബഹുമാനപ്പെട്ട മന്ത്രിയുടെ സംസാരം കേട്ടപ്പോൾ ഒന്നുകൂടി രോഷമായി, ഞാൻ അത് പ്രകടിപ്പിക്കുന്നില്ല. ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നമ്മുടെ സംസ്ഥാനത്ത് ഓഖി ദുരന്തത്തിന്റെ മുറിവ് ഉണങ്ങുന്നതിനുമുൻപാണ് കട്ടിപ്പാറയിലെ ഉരുൾപ്പൊട്ടൽ ഇന്ന് നമ്മുടെ മുന്നിൽ എത്തിയിരിക്കുന്നത്. ഓഖി ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിച്ചതിന്

കാരണം മതിയായ മുന്നറിയിപ്പ് കൊടുക്കാൻ കഴിയാതിരുന്നതും ദുരന്ത നിവാരണ സേനയടക്കമുള്ള ഏജൻസികളുടെ സമ്പൂർണ്ണമായ പരാജയവുമാണ്. ഇവിടെ കട്ടിപ്പാറയിലെ സംഭവം ഉണ്ടായപ്പോഴും അവരുടെ ഇടപെടൽ എത്രമാത്രമായിരുന്നു എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി തന്നെ സംശയം പ്രകടിപ്പിച്ചു. അവിടെ എത്തുന്നതിന് സമയം വൈകിയെന്നതടക്കമുള്ള കാര്യങ്ങൾ അദ്ദേഹംതന്നെ ഈ സഭയിൽ സമ്മതിക്കുകയുണ്ടായി. ഏതായാലും ഫലപ്രദമായ ഒരു ഇടപെടൽ ആ കാര്യത്തിൽ വന്നിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. ഇവിടെ ദുരന്തമുണ്ടായതിനുശേഷം ദുരിതാശ്വാസ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്ന ഒരു പ്രവർത്തന രീതി തന്നെയാണ് അവലംബിച്ചുവരുന്നത്. ഇപ്പോഴും അത് തന്നെ തുടരുകയാണ്. നൂതനമായ ആശയങ്ങളിലൂടെയും പുതിയ ശാസ്ത്രീയ രീതികളിലൂടെയും ഇത്തരത്തിലുള്ള കാര്യങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയണം. ഇതുപോലെ കേരളത്തിൽ ഉരുൾപൊട്ടലടക്കം ഉണ്ടാകാൻ സാധ്യതയുള്ള അപകടകരമായ സ്ഥലങ്ങളെക്കുറിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിന് അറിവുള്ള കാര്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിലുള്ള മേഖലകളിൽ മഴ വരുമ്പോൾ അല്ലെങ്കിൽ തുടർച്ചയായി കാലവർഷത്തിൽ

ദുരിതം ഉണ്ടാകാനുള്ള സാഹചര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് അവരെ മാറ്റിപ്പാർപ്പിക്കുന്നതടക്കമുള്ള നടപടി തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരുന്നു. അതോടൊപ്പം ഇത്തരം സ്ഥലങ്ങളിൽ പലപ്പോഴും ആദ്യം ഓടിയെത്തുന്നത് പോലീസ്, അഗ്നിശമനസേന, നാട്ടുകാർ തുടങ്ങിയവരാണ്. ആദ്യം എത്തുന്നത് നാട്ടുകാർ തന്നെയാണ്. അവരുടെ വോളണ്ടറിയായിട്ടുള്ള പ്രവർത്തനങ്ങളിലൂടെയാണ് പലപ്പോഴും ആദ്യ ഇടപെടലുകൾ വരുന്നത്. രണ്ടാമത് വരുന്നത് പോലീസും അഗ്നിശമനസേനയുമാണ്. പക്ഷെ ഇത്തരത്തിലുള്ള കാര്യങ്ങൾക്കുമുന്നിൽ അവർ പകച്ചുനിൽക്കുന്നുവെന്നുള്ളത് കേരളം ഇതിനുമുമ്പ് അനവധി സന്ദർഭങ്ങളിൽ കണ്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാനുള്ളത് അഗ്നിശമനസേനയെ കൂടുതൽ സജ്ജീകരിക്കേണ്ടതായിട്ടുണ്ട് എന്നാണ്. ഞങ്ങളുടെ പ്രദേശങ്ങളിൽ ആളുകൾ വെള്ളത്തിൽ വീണ് മരിക്കുന്ന ധാരാളം സംഭവങ്ങളുണ്ടാകുന്നു. അവിടെ ഫലപ്രദമായി ഇടപെടാൻ അവർക്ക് കഴിയുന്നില്ല. ഒരു സ്കൂബാ ടീം ഇല്ല, മറ്റ് സജ്ജീകരണങ്ങളില്ല. ഒരാൾ വെള്ളത്തിൽ വീണാൽ, എം.എൽ.എ.-മാർക്ക് അറിയാം, നേവിയെ അശ്രയിക്കേണ്ടതായി വരും. അതുകൊണ്ടുതന്നെ ഇത്തരം

സന്ദർഭങ്ങളിൽ നമ്മുടെ അഗ്നിശമനസേനാ വിഭാഗത്തിന്റെ എല്ലാ യൂണിറ്റുകൾക്കും ആവശ്യമായ സജ്ജീകരണങ്ങൾ കൊടുക്കാൻ കഴിയണം. എറണാകുളം ജില്ലയിൽ രണ്ടോ മൂന്നോ സ്ഥലങ്ങളിലാണ് സ്കൂബാ ടീമുകൾ പലപ്പോഴും ഫലപ്രദമായും പ്രവർത്തിക്കുന്നത്. പല സ്ഥലങ്ങളിലും ഉണ്ടാകുന്നില്ല. അതുകൊണ്ട് പ്രധാനപ്പെട്ട ഫയർ സ്റ്റേഷനുകളിലൊക്കെ ഇതിനായിട്ടുള്ള സജ്ജീകരണങ്ങൾ കൊണ്ടുവരുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒപ്പം തന്നെ നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ....., കഴിഞ്ഞ തവണ വേനൽമഴയുണ്ടായി, അന്നുമുതൽ നാശനഷ്ടങ്ങൾ വരികയാണ്. ചെറുതും വലുതുമായ ഒരുപാട് പ്രകൃതി ദുരന്തങ്ങളുണ്ടായിട്ടുണ്ട്. ഇതിലൊക്കെ മതിയായ നഷ്ടപരിഹാരം കിട്ടുന്നില്ല. അടിയന്തര ധനസഹായമായി, തകരുന്ന വീടുകൾക്ക്.... കട്ടിപ്പാറയിൽ ഗവൺമെന്റിന്റെ കൂടുതൽ ഇടപെടലുള്ളതുകൊണ്ട്, അവിടെ കുറച്ചുതുക വിതരണം ചെയ്തിട്ടുണ്ടാകും, പക്ഷെ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കേരളത്തിലെ മറ്റു പല സ്ഥലങ്ങളിലുമുണ്ടാകുന്ന ചെറുതും വലുതുമായ പ്രകൃതിദുരന്തങ്ങളിൽ വീടുകൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെടുന്നവർ, കൃഷിനാശമുണ്ടാകുന്നവർ ഇവർക്കൊന്നും നഷ്ടപരിഹാരം കിട്ടുന്നില്ല എന്നുള്ളത്

യാഥാർത്ഥ്യമാണ്, അനന്തമായി നീണ്ടുപോകുയാണ്. ഭവനങ്ങൾ നഷ്ടപ്പെടുന്നവർക്കൊക്കെ അടിയന്തിരമായിട്ടുള്ള ധനസഹായം കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തായാലും ഇത് വളരെ ഗുരുതരമായ ഒരു വിഷയം തന്നെയാണ്. ഈ പ്രശ്നം അതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്ന് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)